# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# എടയൂർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19


കേരള സംസ്ഥാന ഓഡിറ്റ് മലപ്പുറം ജില്ലാ

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെകാര്യാലയം

e-mail: dompm.ksad@kerala.gov.in


(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.എം.പി.എം13/2712/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം ജില്ല

തീയതി 04/12/2019

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

എടയൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : എടയൂർ ഗ്രാമപഞ്ചായത്ത് 2018-19സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടയൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

എബികെ

നം കെ.എസ്.എ.എം.പി.എം.13/2712/2019

തിയതി:04/12/2019

## മലപ്പുറം ജില്ലയിലെ എടയൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ എടയൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 25.9.2018മുതൽ 5.11.2019തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. അജിത്ത് ആർ | |
| | | ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്) | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 6.11.19 മുതൽ 18.11.2019വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.സണ്ണി.എം.യു | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.അബ്ദുൽ ഗഫൂർ.സി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. മൂസ്സ.ഇ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി .ലത.യു | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ.കെ.കെ.രാജീവ്. | 1.4.2018മുതൽ 31.3.2019വരെ |
| സെക്രട്ടറി | : | ശ്രീ.വിനോദ് കുമാർ | 1.4.2018മുതൽ 13.3.2019വരെ |
| | | ശ്രീ.ആർ സുധീഷ് ബാബു | 14.3.2019മുതൽ 31.3.2109വരെ |
| | | (അസിസ്റ്റന്റ് സെക്രട്ടറി(ഇൻ ചാർജ്ജ്) | |

| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | |
|---|---|---|---|
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | | ശ്രീ.സുധീഷ് ബാബു.ആർ.സി | 01.04.2018മുതൽ 31.3.2019വരെ |
| കൃഷി ഓഫീസർ | | ശ്രീമതി.സുലേഖ .പി | 01.04.2018മുതൽ31.3.2019വരെ |
| വെറ്ററിനറി സർജൻ | | ശ്രീ.മിഥുൻ ഒ.വി | 01.04.2018മുതൽ31.3.2019വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | | ഡോ.അലി.എം.പി | 01.04.2018മുതൽ31.3.2019വരെ |
| മെഡിക്കൽ ഓഫീസർ | | ഡോ.ഹൈദർ അലി | 01.04.2018മുതൽ31.3.2019വരെ |
| (ഹോമിയോ) | | | |
| മെഡിക്കൽ ഓഫീസർ | | ഡോ.നഷീദ കരുവാട്ടിൽ | 01.04.2018മുതൽ31.3.2019വരെ |
| (ആയുർവ്വേദം) | | | |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | | ശ്രീ.അബ്ദുൽ മഹ്റൂഫ് എച്ച്.പി | 01.04.2018മുതൽ14.09.2018വരെ |
| | | ശ്രീമതി.ആഷ ബി | 15.09.2018മുതൽ31.3.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | | ശ്രീമതി.സമിത.വി | 01.04.2018മുതൽ31.3.2019വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ<br>ഹെഡ്മിസ്ട്രസ്<br>എെ.സി.ഡി.എസ് | | ശ്രീ.ഷബീർ .എം.പി<br>ശ്രീമതി.ഉഷ.എം<br>ശ്രീമതി.കാർത്ത്യായനി.കെ<br>ശ്രീമതി.നാദിറ<br>ശ്രീമതി.രമ്യ | 01.04.2018മുതൽ31.3.2019വരെ<br>01.04.2018മുതൽ31.3.2019വരെ<br>01.04.2018മുതൽ15.7.2018വരെ<br>16.07.2018മുതൽ02.10.2018വരെ<br>03.10.2018മുതൽ31.3.2019വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| | | |

| | | |
|---|---|---|
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ശമ്പള പരിഷ്ക്കരണ കുടിശ്ശികക്ക് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല | 1-12 |
| 13 | ഇ – ടെണ്ടർ; ടെണ്ടർ ഫോം വില ഗ്രാമ പഞ്ചായത്തിന് ലഭ്യമായില്ല | 1-13 |
| 14 | മരാമത്ത് പ്രവൃത്തികൾ - പ്രവൃത്തികൾ പൂർത്തീകരിച്ച് വർഷങ്ങൾക്ക് ശേഷവും ഉദ്ധേശ ലക്ഷ്യങ്ങൾക്കനുസരിച്ച് ഉപയോഗപ്പെടുത്തുന്നില്ല. | 1-14 |
| 15 | അംഗൻവാടികൾക്ക് ബേബി ഫ്രണ്ട്‌ലി ചുമർ പെയിന്റിങ് (132/19) - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-15 |
| 16 | റോഡ് റെസ്റ്റോറേഷൻ ചാർജ് ഈടാക്കിയതിൽ 11.70 ലക്ഷം രൂപയുടെ കുറവ് | 1-16 |
| 17 | നടപ്പാത കോൺക്രീറ്റ് സെന്ററിങ് പ്രവൃത്തി - അധിക തുക നൽകി | 1-17 |
| 18 | കുടിവെള്ള പദ്ധതി -പി.വി.സി പൈപ്പിന് അധിക തുക നൽകി | 1-18 |
| 19 | ചെങ്കൽ പടവിന് അധികം നൽകിയ 11018 രൂപ ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരിച്ചടവാക്കി | 1-19 |
| 20 | വസ്തുനികുതി കുറവായി ഈടാക്കി | 1-20 |
| 21 | തൊഴിൽനികുതി അപാകതകൾ | 1-21 |
| 22 | റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീ,തൊഴിൽ നികുതി എന്നിവ ഈടാക്കാത്തതു സംബന്ധിച്ച് | 1-22 |
| 23 | ഇടയൂർമുളകിനൊരു കൈത്താങ്ങ്(166/19)-പദ്ധതിനടത്തിപ്പിലെ അപാകതകൾ | 1-23 |
| 24 | കേര സൊസൈറ്റിക്ക് ട്രില്ലർ-പർച്ചേസ് ചെയ്ത് ഒരു വർഷം കഴിഞ്ഞിട്ടും ട്രില്ലർ കാർഷികാവശ്യത്തിനായി ഉപയോഗിച്ചിട്ടില്ല | 1-24 |
| 25 | പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-25 |
| 26 | സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം(158/19)-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-26 |
| 27 | ശുചിത്വം സുന്ദരം എന്റെ എടയൂർ(193/19)-ഇൻകം ടാക്സ് ഈടാ ക്കിയതിൽ കുറവ് | 1-27 |
| 28 | ലൈഫ് ഭവന പദ്ധതി ജനറൽ-ഒന്നാമത്തെ ഗഡു മാത്രം കൈപ്പറ്റിയതിനുശേഷം ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-28 |
| 29 | ഇക്കോ ഷോപ്പിന് വാർഷിക ഗ്രാന്റ്-ഗ്രാന്റ് കൈപ്പറ്റിയ സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നില്ല | 1-29 |
| 30 | വീട് പുനരുദ്ധാരണം(എസ്.സി&ജനറൽ)-പദ്ധതി നടത്തിപ്പിലെ ന്യൂനതകൾ | 1-30 |
| 31 | ചെലവുകൾക്കാധാരമായ രേഖകൾ ഹാജരാക്കിയില്ല | 1-31 |
| 32 | സുജലം സ്കൂളുകൾക്ക് വാട്ടർ പ്യൂരിഫയർ-കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ | 1-32 |

| | | |
|---|---|---|
| | സ്വീകരിച്ചില്ല | |
| 33 | സംയുക്ത പദ്ധതികൾ-നീക്കിയിരുപ്പിന്റ കൃത്യത വ്യക്തമല്ല | 1-33 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 34 | റോഡ് റെസ്റ്റൊറേഷൻ ചാർജ് - ഈടാക്കിയതിൽ 11.70 ലക്ഷം രൂപയുടെ കുറവ് | 2-1 |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 35 | നടപ്പാത കോൺക്രീറ്റ് സെന്ററിങ് പ്രവൃത്തി - അധിക തുക നൽകി | 3-1 |
| 36 | കുടിവെള്ള പദ്ധതികൾ - കരാറുകാരന് അധിക തുക നൽകി | 3-2 |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 37 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 38 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 39 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 41 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 42 | സ്ഥിര നിക്ഷേപം | 4-6 |
| 43 | ഓഡിറ്റ് റിക്കവറി | 4-7 |
| 44 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 45 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

14.3.2018തീയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 27.3.2019.തീയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട | ലഭിച്ച | അപാകത പരിഹരിക്കാൻ | അപാകത പരിഹരിച്ച് |
|---|---|---|---|

| തീയതി | തീയതി | തിരിച്ചയച്ച തീയതി | ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 14.6.2018 | - | - |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6026214 |
| വരവ് | 93530708 |
| ആകെ | 99556922 |
| ചെലവ് | 72313222 |
| നീക്കിയിരിപ്പ് | 27243700 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | | 18387710 | 18387710 | 16850261 | 1537449 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 7309000 | 7309000 | 7309000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | 220000 | 220000 | - | 200000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 6618000 | 6618000 | 6586667 | 31333 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 3819000 | 3819000 | 3819000 | - |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 8535000 | 8535000 | 6039443 | 2495557 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | | - | - | - | - |
| സാക്ഷരത | | | | | | |
| ദുരിതാശ്വാസനിധി | | 7407 | 10167 | 17574 | - | 17574 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | - | 9242234 | 9242234 | 9242234 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 19912 | 1276587 | 1296499 | 1295204 | 1295 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 772750 | 3773890 | 4546640 | 3843870 | 702770 |
| | ജില്ലാ പഞ്ചായത്ത് | 40000 | 1023130 | 1063130 | 1063130 | 0 |
| ബി ഫണ്ട് | | | 37738120 | 37738120 | | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | -1259549 | 24324781 | 23065232 | 11604464 | 11460768 |

| | | | | | | |
|---|---|---|---|---|---|---|
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 4004793 | 23662712 | 27667505 | 15799022 | 11868483 |
| | ട്രഷറി അക്കൗണ്ട് | | | | | |
| മറ്റിനം | | | | | | |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 238 | 81267101 | 186 | 58206574 | 8 | 44 | 78 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 19912 | 1276587 | 1296499 | 1295204 | 1295 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 9242234 | 9242234 | 9242234 | |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 63000 | 35 |
| കർഷകതൊഴിലാളി പെൻഷൻ | 8190840 | 180 |
| വിധവാപെൻഷൻ | 14630800 | 1282 |
| വാർദ്ധക്യകാലപെൻഷൻ | 10373180 | 2206 |
| വികലാംഗപെൻഷൻ | 4058200 | 349 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 422100 | 37 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 6.11.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ

നടത്തുകയുണ്ടായി. പരിശോധനയിൽ 13616രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

# 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഏറെക്കുറെ തൃപ്തികരമാണ്.തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിന് കഴിഞ്ഞിട്ടില്ല.സെക്യൂരിറ്റി രജിസ്റ്റർ,ആസ്തി രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിക്കുന്നില്ല.വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല.മിക്ക വർക്കിംഗ് ഗ്രൂപ്പുകളും വർഷത്തിലൊരിക്കൽ മാത്രമെ യോഗം ചേർന്നിട്ടുള്ളൂ.പദ്ധതി പൂർത്തീകരണത്തിന്മേലുള്ള മോണിറ്ററിംഗ് സംവിധാനവും ഫലപ്രദമല്ല.സമ്പൂർണ്ണ ശുചിത്വത്തിനായി ലഭിച്ച ₹3195556/-ചെലവഴിച്ചിട്ടില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്ററെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.10.2019 | സെപ്റ്റംബർ 2019 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.05.2003 | 97-98 to 2002-03 | 21.07.2003 |

# 1-11 വാർഷിക കണക്കിലെ അപാകതകൾ

1. സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാത്തതിനാൽ ബാലൻസ് ഷീറ്റ് B-11ൻെറ കൃത്യത പരിശോധിക്കാനായിട്ടില്ല.
2. B-4 പ്രകാരമുള്ള തുകകൾക്ക് എ.സി.ആർ. സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആയതിൻെറ കൃത്യത പരിശോധിക്കാനായിട്ടില്ല.
3. ഡെപ്പോസിറ്റ് രജിസ്റ്ററിൽ സംഗ്രഹം തയ്യാറാക്കിയിട്ടില്ല. ആയതിനാൽ, ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ട കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ സംബന്ധിച്ച വിവരം ലഭ്യമല്ല.
4. ഫിക്സഡ് അസറ്റുകൾക്ക് തൻവർഷ ഡിപ്രീസിയേഷൻ (I-17(a)) കണക്കാക്കിയിട്ടില്ല.
5. താഴെപ്പറയുന്ന ബാങ്ക് അക്കൗണ്ടുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല -

| ക്രമ നം | അക്കൗണ്ട് | വാർഷിക കണക്ക് പ്രകാരം(40-b) | ബാങ്ക് പാസ്ബുക്ക് പ്രകാരം |
|---|---|---|---|
| 1 | വടക്കുംപുറം SCB (ദുരിതാശ്വാസം) | 17574 | 17819 |
| 2 | എസ്.ബി.ഐ. ഇ-പേ 77217 | 58651 | ലഭ്യമല്ല |

6. I-6/RP-7 എന്നിവ പ്രകാരം തൊഴിൽരഹിത വേതനം വരവ് 63,000 രൂപയാണ്. എന്നാൽ RP-19 പ്രകാരം ഈ ഇനത്തിലെ ചെലവ് 64,920 രൂപയാണ്.

7. 2017-18 വാർഷികക്കണക്കിലെ ബാലൻസ് ഷീറ്റ് പ്രകാരം വസ്തുനികുതി ഇനത്തിൽ തുകകളൊന്നും പിരിച്ചെടുക്കാനവശേഷിക്കുന്നില്ല. എന്നാൽ, 2018-19 ഡിമാൻറ് റജിസ്റ്റർ പ്രകാരം വാണിജ്യ കെട്ടിടങ്ങളുടേത് 8985ഉം, വാസഗൃഹങ്ങളുടേത് 17,902 രൂപയും കുടിശ്ശികയായ പിരിച്ചെടുത്തിട്ടുണ്ട്. ആയത് വാർഷികക്കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

8. RP-4 പ്രകാരമുള്ള വരവിനങ്ങളിൽ Belated Fee,Permit fee for construction of building,

Permit fee for installation of machinery, Permit fee for running of machinery എന്നിവ ഒഴികെയുള്ളവയുടെ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

9. വർഷാന്ത്യത്തിൽ ആസ്തികളുടെ ഭൗതിക പരിശോധന, സ്റ്റോക്കിന്റെ ഭൗതിക പരിശോധന എന്നിവ നടത്തിയിട്ടില്ല.

10. മുൻ വാർഷിക കണക്കിലെ (2017-18) അപാകതകൾ പരിഹരിച്ചിട്ടില്ല.

11. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11(a) പ്രകാരമുള്ള Capital work in progress തുക 1,91,000 രൂപയുടെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

12. എന്റെ ഗ്രാമം നെൻകൃഷി ഗ്രാമം എന്ന പദ്ധതിക്കു വേണ്ടി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച 145370/- രൂപയും പാലിയേറ്റീവ് പരിചരണത്തിനായി ലഭിച്ച 400000/- രൂപയും അദർ ലയബിലിറ്റി ഹെഡിൽ (350800299) പിടിച്ചതിനാൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള വരവായി സാംഖ്യയിൽ ഉൾപ്പെട്ടിട്ടില്ല.

13. ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂളിൽ '320700210' ഹെഡിൽ ജില്ലാ പഞ്ചായത്ത് വരവായി കാണിച്ചിരിക്കുന്ന 82819/- രൂപയുടെ കൃത്യത വ്യക്തമാക്കിയിട്ടില്ല.

14. ബാലൻസ് ഷീറ്റ് ബി4 ഷെഡ്യൂളിൽ '320700404' ഹെഡിൽ ചെലവഴിക്കുവാൻ അവശേഷിച്ചിരിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്ന 830435/- രൂപയുടെ വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

# 1-12 ശമ്പള പരിഷ്ക്കരണ കുടിശ്ശികക്ക് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ കുടിശ്ശികയുടെ വിവരം ചുവടെ കൊടുക്കുന്നു.ആയതിന്റെ 15% പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയതായി കാണുന്നില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പേര് | തസ്തിക | അടിസ്ഥാന ശമ്പളത്തിന്റെ കുടിശ്ശിക | അടവാക്കേണ്ട തുക 15% |
|---|---|---|---|---|
| 1 | ശ്രീദേവി അമ്മ | അസി.സെക്രട്ടറി | 16920x7=118440<br>17380x9=156420<br>17743x1=17743 | 49512 |

| | | | | |
|---|---|---|---|---|
| | | | 18740x2=37480<br>------------------------<br>330083 | |
| 2 | ബെൻസി എ.ബി | ഹെഡ്ക്ളാർക്ക് | 16520x6=99120<br>15987x1=15987<br>16920x12=203040<br>---------------------------<br>318147 | 47722 |
| 3 | ജോയ്സൺ ജെറാൾഡ് | അക്കൗണ്ടന്റ് | 14920x12=179040<br>15320x2 = 30640<br>14520x5=72600<br>--------------------------<br>282280 | 42342 |
| 4 | നിശാന്ത് .എെ.പി | സീനിയർ ക്ളാർക്ക് | 13610x12=163320<br>13900x7=97300<br>-------------------------<br>2600620 | 39093 |
| 5 | ഗിരിജ.ടി.എം | സീനിയർ ക്ളാർക്ക് | 10900x11=119900<br>11180x6=67080<br>11597x1=11597<br>11990x1=11990<br>------------------------<br>210567 | 31585 |
| 6 | ചന്ദ്രൻ .എസ് | ക്ളാർക്ക് | 10588x1=10588<br>14270x3=42810<br>14260x12=171120<br>14600x3=43800<br>---------------------------<br>268318 | 40248 |

| | | | | |
|---|---|---|---|---|
| 7 | രാഹുൽ മോഹൻ | ക്ളാർക്ക് | 10060x10=100600<br>10340x9=93060<br>------------------------<br>193660 | 29049 |
| 8 | സുജാത സി | ക്ളാർക്ക് | 10340x8=82720<br>10620x11=116820<br>-----------------------<br>199540 | 29931 |
| 9 | മൊയ്തീൻ ടി.കെ | ഓഫീസ് അറ്റൻഡന്റ് | 11170x7=78190<br>11450x12=137400<br>-----------------------<br>215590 | 32339 |
| 10 | ലക്ഷ്മി | പാർട്ട് ടൈം സ്വീപ്പർ | 4490x12=53880<br>4600x4=18400<br>----------------------<br>72280 | 10842 |
| 11 | സനിയ്യ കെ.ടി | സീനിയർ ക്ളാർക്ക് | 10340x9=93060<br>10620x4=42480<br>11990x3=35970<br>8121x1=8121<br>8509x1=8509<br>10848x1=10848<br>----------------------<br>198988 | 29848 |

പെൻ ഷൻ കോൺട്രിബ്യൂഷൻ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 ഇ – ടെണ്ടർ; ടെണ്ടർ ഫോം വില ഗ്രാമ പഞ്ചായത്തിന് ലഭ്യമായില്ല

ഓഡിറ്റ് വർഷം ഇ – ടെണ്ടർ മുഖേന അസിസ്റ്റന്റ് എഞ്ചിനീയർ വിവിധ മരാമത്ത് പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രൊജക്കുകളുടെ ടെണ്ടർ ഫോം വില നാളിത് വരെയും ഗ്രാമ

പഞ്ചായത്തിൽ ലഭ്യമായിട്ടില്ല. നിലവിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ജില്ലാ പഞ്ചായത്തിലുള്ള അക്കൗണ്ടിലാണ് ടെണ്ടർ ഫോം വില കരാറുകാർ അടവാക്കുന്നത്. പ്രസ്തുത തുക തിരികെ ലഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം നഷ്ടമാവുന്നില്ല എന്ന് ഉറപ്പ് വരുത്താൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്.

ഇ – ടെണ്ടർ മുഖേന നടപ്പിലാക്കിയ ഏതാനും പ്രൊജക്ടുകളും അവയുടെ ടെണ്ടർ ഫോം വിലയും ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അടങ്കൽ | ലഭ്യമായ ടെണ്ടറുകൾ | ടെണ്ടർഫോം വില | ആകെ |
|---|---|---|---|---|
| പൊതു ശ്മശാനം നവീകരണം (130/19) | 500000 | 2 | 1180 | 2360 |
| അംഗൻവാടികൾക്ക് ബേബി ഫ്രന്റ്ലി ചുമർ പെയിന്റ്ങ്(132/19) | 500000 | 3 | 1180 | 3540 |
| അമ്മയും കുഞ്ഞും - PHC യിൽ ബേബി ഫ്രന്റ്ലി ഇമ്മ്യൂണൈസേഷൻ ഹാൾ (131/19) | 500000 | 2 | 1180 | 2360 |
| ചെങ്ങണങ്ങോട് പച്ചിലക്കുണ്ട് തോട്ടിൽ കള്ളാടിക്കുണ്ട് പാലം (263/19) | 800000 | 3 | 1888 | 5664 |
| ആകെ | | | | 13924 |

ഓഡിറ്റ് എൻക്വയറി /16.11.2019 നൽകിയതിന് മറുപടി ലഭ്യമായിട്ടില്ല.

# 1-14 മരാമത്ത് പ്രവൃത്തികൾ - പ്രവൃത്തികൾ പൂർത്തീകരിച്ച് വർഷങ്ങൾക്ക് ശേഷവും ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കനുസരിച്ച് ഉപയോഗപ്പെടുത്തുന്നില്ല.

ഓഡിറ്റ് വർഷം ബിൽ തുക നൽകിയ പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്തിൽ നിർമ്മിച്ച ചില കെട്ടിടങ്ങൾ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കനുസരിച്ച് ഉപയോഗപ്പെടുത്തിയിട്ടില്ല എന്ന് മനസ്സിലായി. ഗ്രാമ സഭ, വർക്കിങ് ഗ്രൂപ്പുകൾ, വികസന സെമിനാർ എന്നിവയിലൂടെ ഉരുത്തിരിഞ്ഞ് വന്ന് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികൾ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കനുസരിച്ച് ഉപയോഗപ്പെടുത്തുന്നുണ്ടോ എന്ന് ഗ്രാമ പഞ്ചായത്ത് ഒരു തലത്തിലും പരിശോധന വിധേയമാക്കുന്നില്ല. വർക്കിങ് ഗ്രൂപ്പുകൾ പിന്നീട് മോണിറ്ററിങ് സമിതികളായി പ്രവൃത്തിക്കേണ്ടതാണെങ്കിലും അവരും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല എന്ന് പരിശോധനയിൽ ബോധ്യമായി .

ഓഡിറ്റിന്റെ ഭാഗമായി അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ 14-11-2019 ന് ഓഡിറ്റ് ടീം സ്ഥല പരിശോധന നടത്തിയതിൽ കണ്ടെത്തിയ വിവരങ്ങൾ ഇത് വ്യക്തമാക്കുന്നു. പരിശോധന വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ വിശദ വിവരം | പരിശോധനയിൽ കണ്ടെത്തിയ വിവരം |
|---|---|---|
| 1 | വട്ടപ്പറമ്പ് കുടിവെള്ള പദ്ധതി (184/19)<br><br>തുക 199709<br><br>വട്ടപ്പറമ്പ് കുടിവെള്ള പദ്ധതി നവീകരണം (230/19) ചെക്ക് 5852543/19.10.2018<br><br>തുക 148792 | പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് ഒരു വർഷം കഴിഞ്ഞിട്ടും കുടിവെള്ള പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടില്ല.<br><br>കുടിവെള്ള പദ്ധതിക്കായി കുഴൽ കിണർ കുഴിക്കുക, പമ്പിങ് മെയിൻ ഡിസ്ട്രിബ്യൂഷൻ സ്ഥാപിക്കുക എന്നിവയാണ് ആദ്യ പ്രവൃത്തിയിലുള്ളത്. പ്രവൃത്തി മാർച്ച് 2018 ൽ പൂർത്തിയാക്കിയിട്ടുണ്ട്.<br><br>കുടിവെള്ള പദ്ധതിക്കായി ടാങ്ക് സപ്പോർട്ട് സ്ഥാപിക്കാനുള്ളതാണ് രണ്ടാമത്തെ പ്രൊജക്ട്. പ്രവൃത്തി 6.9.2018 ന് പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയ്യതിയിലും വാട്ടർ ടാങ്ക് സ്ഥാപിച്ച് പദ്ധതി ഉപയോഗപ്രദമാക്കാൻ ഗ്രാമ പഞ്ചായത്തിനായിട്ടില്ല.<br><br>ടാങ്ക് സപ്പോർട്ട് സ്ഥാപിക്കാനുള്ള പ്രൊജക്ട് 2016-17 ൽ രൂപികരിച്ച് 25.3.2017 ന് കരാർ വെച്ച് അതേ തീയ്യതിയിൽ തന്നെ കരാറുകാരന് പ്രവൃത്തി സ്ഥലം കൈമാറിയിട്ടുള്ളതാണ്.<br><br>എന്നാൽ പിന്നീട് ടാങ്ക് സപ്പോർട്ട് നിർമ്മിക്കാനുദ്ദേശിച്ച സ്ഥലം മാറ്റുകയും അതിനായി ജൂലൈ 2018 ൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിരുന്നു. |

| | | |
|---|---|---|
| | | ജല ദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കാനുള്ള പദ്ധതി രൂപീകരിച്ച് രണ്ട് വർഷം കഴിഞ്ഞിട്ടും പൂർത്തീകരിക്കാൻ കഴിഞ്ഞില്ല എന്നത് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ പതിയേണ്ട വിഷയമാണ്. |
| 2 | അമ്മയും കുഞ്ഞും - PHC യിൽ ബേബി ഫ്രന്റ്ലി ഇമ്മ്യൂണൈസേഷൻ ഹാൾ (131/19)<br>തുക 412435 | എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും വൈദ്യുതീകരണ പ്രവൃത്തി ചെയ്തിട്ടില്ല. കൂടാതെ ഫർണ്ണിച്ചറും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പദ്ധതി പ്രകാരം നിർമ്മിച്ച ഹാൾ ഇപ്പോഴും ഉപയോഗപ്പെടുത്തുന്നില്ല. |
| 3 | വടക്കുംപുറം സബ്സെന്റർ നവീകരണം (214/19)<br>തുക 241220 | എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. സബ്സെന്ററിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്നവർക്ക് വിശ്രമത്തിനും, കാത്തിരിപ്പ് കേന്ദ്രവും എന്ന ഉദ്ധേശത്താൽ നിർമ്മിച്ച ഹാളിൽ ഉപയോഗശൂന്യമായ ഫർണ്ണിച്ചറുകളും മറ്റ് സാധനങ്ങളും സൂക്ഷിച്ചിരിക്കുന്നു. വൈദ്യുതിയും ഫർണ്ണിച്ചറുമൊന്നും ഇവിടെ ലഭ്യമാക്കിയിട്ടില്ല. 2/2018 ൽ പ്രവൃത്തി പൂർത്തിയാക്കിയെങ്കിലും പ്രസ്തുത ഹാൾ ഇപ്പോഴും ഉപയോഗപ്പെടുത്തുന്നില്ല. |
| 4 | പൊതു ശ്മശാനം നവീകരണം (130/19)<br>തുക 457672 | എസ്റ്റിമേറ്റ് പ്രകാരം കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ വെള്ളം ലഭ്യമാക്കിയിട്ടില്ല. മൃദദേഹം സംസ്കരിക്കുന്നതിനും മറ്റ് |

| | | |
|---|---|---|
| | | ആവശ്യങ്ങൾക്കും ഇവിടെ വെള്ളം ആവശ്യമായി വരും .എന്നാൽ ഗ്രാമ പഞ്ചായത്ത് 2019-20 വർഷത്തിലും ഈ ആവശ്യത്തിനായി പ്രൊജക്ടുകളൊന്നും രൂപീകരിച്ചിട്ടില്ല.<br><br>ശ്മശാനത്തിന്റെ ചുറ്റുമതിൽ കെട്ടിടത്തിലേക്ക് മറിഞ്ഞ് വീണ് ഒരു സൺഷെയ്ഡ് നാശമായിട്ടുണ്ട്. മറിഞ്ഞ് വീണ മതിൽ ഇപ്പോഴും അതേ അവസ്ഥയിൽ കെട്ടിടത്തിന് മുകളിൽ കിടക്കുന്നുമുണ്ട്. ആയത് മാറ്റി കെട്ടിടത്തിന്റെ തകരാർ പരിഹരിക്കേണ്ടതുമാണ്. |

വിഷയം എക്സിറ്റ് മീറ്റിങ്ങിൽ ശ്രദ്ധയിൽപെടുത്തിയപ്പോൾ പദ്ധതികൾ ഉപയോഗപ്പെടുത്താൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. പദ്ധതികൾ പൂർത്തീകരിച്ചതിന്റെയും പൂർത്തീകരിച്ച പദ്ധതികൾ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കനുസരിച്ച് ഉപയോഗപ്പെടുത്തുന്നതിന്റെയും വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-15 അംഗൻവാടികൾക്ക് ബേബി ഫ്രണ്ട്ലി ചുമർ പെയിന്റിങ് (132/19) - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

ബിൽ 84/7.1.2019 തുക 418935

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രൊജക്റ്റ് പൊതുമരാമത്ത് കരാറുകാർ മുഖേന ടെണ്ടർ വിളിച്ചാണ് നിർവ്വഹിച്ചിട്ടുള്ളത്.

ഈ പ്രവൃത്തി നിർമ്മാണ പ്രവൃത്തികൾ ചെയ്യുന്ന കരാറുകാർ മുഖേന ചെയ്യേണ്ടതല്ല. ചിത്രരചന ചെയ്യുന്ന ആർട്സ് സ്ഥാപനങ്ങളിൽ നിന്ന് സ്ക്വയർ ഫീറ്റ് / സ്ക്വയർ മീറ്റർ നിരക്കിൽ ടെണ്ടർ ക്ഷണിച്ചായിരുന്നു ഇത്തരം പ്രവൃത്തികൾ ചെയ്യേണ്ടിയിരുന്നത്.
ഗ്രാമ പഞ്ചായത്തിലെ 22 അംഗൻവാടികളിൽ ചിത്രരചന നടത്തി ആകർഷണീയമാക്കുന്നതിനാണ് പ്രൊജക്റ്റ് തയ്യാറാക്കിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ 14.11.2019 ന് മൂന്ന് അംഗൻവാടികൾ സന്ദർശിച്ച് പ്രവൃത്തികൾ പരിശോധിച്ചിരുന്നു. ചേലാക്കോട് അംഗൻവാടിയുടെ അകത്ത് ചുമരിൽ ' ഗ്ലോറി മലപ്പുറം' '9847584557' എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി ചെയ്തത് ഈ സ്ഥാപനം ആണ് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

എടയൂർ ഗ്രാമ പഞ്ചായത്തിന് സമീപമുള്ള മൂർക്കനാട് ഗ്രാമ പഞ്ചായത്തിൽ ഈ പ്രവൃത്തി ആർട്സ് സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ ക്ഷണിച്ച് സ്ക്വയർ മീറ്ററിന് 234 രൂപ പ്രകാരമാണ് നിർവ്വഹിച്ചിട്ടുള്ളത്. ഇവിടെ സ്ക്വയർ മീറ്ററിന് 574.97 രൂപയാണ് (ഒബ്സർവ്ഡ് ഡാറ്റ) എസ്റ്റിമേറ്റിൽ നിരക്ക് കണക്കാക്കിയിട്ടുള്ളത്. കൂടാതെ ചിത്രം വരക്കുന്ന പ്രതലം പൊടി, പെയിന്റ് എന്നിവ ഉരസി കളഞ്ഞ് വൃത്തിയാക്കുന്നതിന് സ്ക്വയർ മീറ്ററിന് 14.82 രൂപയും എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇത്ര ഉയർന്ന നിരക്ക് കണക്കാക്കിയത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല. അംഗൻവാടികൾക്ക് ബേബി ഫ്രന്റ്ലി ഇമ്മ്യൂണൈസേഷൻ ഹാൾ (131/19) എന്ന പ്രവൃത്തിയിലും,അമ്മയും കുഞ്ഞും - PHC യിൽ ബേബി ഫ്രന്റ്ലി പാർക്ക് (163/19) എന്ന പ്രവൃത്തിയിലും ചുമരിൽ ചിത്രം വരക്കുന്ന ഇനങ്ങൾ ഉണ്ട്. ആയതിന് 503.55 രൂപയാണ് സ്ക്വയർ മീറ്ററിന് നിരക്ക് കണക്കാക്കിയത്. ഒരേ സമയത്ത് തയ്യാറാക്കിയ എസ്റ്റിമേറ്റിൽ വ്യത്യസ്ത നിരക്ക് കണക്കാക്കിയത് എങ്ങിനെ എന്ന് വിശദീകരിച്ചിട്ടില്ല.

കരാറുകാരൻ ക്വാട്ട് ചെയ്ത ടെണ്ടർ കുറവിന് ശേഷവും സ്ക്വയർ മീറ്ററിന് 493.74 രൂപ ഈ പ്രവൃത്തിക്ക് ചെലവ് വന്നിട്ടുണ്ട്.

പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 14 /13.11.201നൽകിയതിന് – 5 ലക്ഷം രൂപ അടങ്കലുള്ള പ്രവൃത്തി ഇ – ടെണ്ടർ മുഖേന ടെണ്ടർ ക്ഷണിച്ചാണ് നിർവ്വഹിച്ചിട്ടുള്ളത് എന്നും, നിരക്ക് നിശ്ചയിച്ചത് സുതാര്യമായാണ് എന്നും മറുപടി ലഭ്യമാക്കി.
ഇ ടെണ്ടർ ആയതിനാൽ എല്ലാവർക്കും പങ്കെടുക്കാമെന്ന തരത്തിലുള്ള മറുപടി സ്വീകാര്യമല്ല. ചിത്ര രചന നടത്തുന്ന സ്ഥാപനങ്ങളിൽ നിന്ന് മാത്രമാണ് ഈ പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിക്കേണ്ടിയിരുന്നത്. ഇത്തരം പ്രവൃത്തികൾക്കുള്ള ഡാറ്റ DSR ലോ, പ്രൈസ് സോഫ്റ്റ് വെയറിലോ ഇല്ലാത്തതിനാൽ ചിത്ര രചന നടത്തുന്ന സ്ഥാപനങ്ങളിൽ നിന്ന് ആവശ്യമായ വിവരം ശേഖരിച്ചോ, ഇത്തരം പ്രവൃത്തി നിർവ്വഹിച്ച സമീപ ഗ്രാമ പഞ്ചായത്തുകളോട് അന്വേഷിച്ചോ ആണ് ഇതിനുള്ള ഡാറ്റ തയ്യാറാക്കേണ്ടിയിരുന്നത്.
അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-16 റോഡ് റെസ്റ്റോറേഷൻ ചാർജ് ഈടാക്കിയതിൽ 11.70 ലക്ഷം രൂപയുടെ കുറവ്

ഗ്രാമ പഞ്ചായത്തിലെ വിവിധ റോഡുകളിൽ ഒപ്റ്റിക്കൽ ഫൈബർ കാബിൾ (OFC) ഇടുന്നതിനും, MH സ്ഥാപിക്കുന്നതിനുമായി 'റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് ' എന്ന സ്ഥാപനത്തിൽ നിന്ന് റോഡ് റെസ്റ്റോറേഷൻ ചാർജ് ഈടാക്കിയപ്പോൾ റോഡിന്റെ വീതി കണക്കാക്കിയതിലെ അപാകത കാരണം റോഡ് റെസ്റ്റോറേഷൻ ചാർജ്ജിനത്തിൽ ഗ്രാമ പഞ്ചായത്തിന് 11.70 രൂപ നഷ്ടം വന്നിട്ടുണ്ട്.

ടാർ റോഡുകളുടെ റെസ്റ്റോറേഷൻ ചാർജ് കണക്കാക്കുമ്പോൾ മിനിമം വീതി 1 മീറ്റർ ആയി കണക്കാക്കണമെന്ന് PWD ചീഫ് എഞ്ചിനീയർ (റോഡ്സ് & അഡ്മിനിസ്ട്രേഷൻ) 22.5.2018 ലെ NO:CE/R&B/GL-RC/1/2018 നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ ഈ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ റോഡുകളുടെ വീതി 0.75 CM എന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇത്തരത്തിൽ തെറ്റായി എസ്റ്റിമേറ്റ് കണക്കാക്കിയത് വഴിയാണ്

ഗ്രാമ പഞ്ചായത്തിന് നഷ്ടം സംഭവിച്ചത്. കുറവ് വന്ന തുക ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ഖണ്ഡിക 2-1ആയി പ്രത്യേകം പരാമർശിച്ചിട്ടുണ്ട്.

# 1-17 നടപ്പാത കോൺക്രീറ്റ് സെന്ററിങ് പ്രവൃത്തി - അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മണ്ണത്ത് പറമ്പ് കളത്തിൽപടി നടപ്പാത കോൺക്രീറ്റ് എന്ന പ്രവൃത്തി (197/19) നിലവിലുള്ള ഡ്രൈനേജിന് മുകളിൽ സ്ലാബ് കോൺക്രീറ്റ് ചെയ്യുന്നതിനാണ് തയ്യാറാക്കിയിട്ടുള്ളത്. ഈ പ്രവൃത്തിയുടെ ഇനം 1 ആയി സ്ലാബ് കോൺക്രീറ്റ് ചെയ്യുന്നതിന് സെന്ററിങ് പ്രവൃത്തിയുടെ അളവ് കണക്കാക്കിയപ്പോൾ രണ്ട് സൈഡിലുമുള്ള 50 Cm വീതിയുള്ള കരിങ്കൽ പടവിന്റെ അളവ് കുറവ് ചെയ്തിട്ടില്ല. ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ 14.11.2019 ന് സ്ഥല പരിശോധന നടത്തിയപ്പോൾ ഇക്കാര്യം വ്യക്തമായി. ആയതിനാൽ ഈ ഇനത്തിൽ അധികം നൽകിയ 23463രൂപ കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ഖണ്ഡിക 3- 1 ആയി പ്രത്യേകം പരാമർശിച്ചിട്ടുണ്ട്.

# 1-18 കുടിവെള്ള പദ്ധതി -പി.വി.സി പൈപ്പിന് അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികളിൽ കുഴൽ കിണറിൽ നിന്ന് വെള്ളം പമ്പ് ചെയ്യുന്നതിന് 50mm dia പൈപ്പ് (10kgf/$cm^2$) കുഴൽ കിണറിലേക്ക് ഇറക്കിയതിന് 317.72/m നിരക്കിൽ കരാറുകാരന് തുക നൽകിയിട്ടുണ്ട്. ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയാണ് ഈ നിരക്ക് കണക്കാക്കിയിട്ടുള്ളത്. അനുവദനീയമായതിലും ഉയർന്ന നിരക്കാണ് ഈ പ്രവൃത്തിയിൽ കരാറുകാരന് നൽകിയിട്ടുള്ളത്.
കുഴൽ കിണറിലേക്ക് പൈപ്പ് ഇറക്കുന്ന പ്രവൃത്തിയിൽ ട്രഞ്ചിങ്ങിനും റീഫില്ലിങ്ങിനും ഉള്ള നിരക്ക് കുറവ് ചെയ്താണ് പൈപ്പിന് നിരക്ക് കണക്കാക്കേണ്ടിയിരുന്നത്. അപ്രകാരം നിരക്ക് കണക്കാക്കിയാൽ 150.43 മാത്രമാണ് ഈ ഇനത്തിന് നൽകാവുന്നത്. തെറ്റായി നിരക്ക് കണക്കാക്കി ബിൽ തുക നൽകിയതിനാൽ കരാറുകാർക്ക് 28854 രൂപ അധികം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 3-2 ആയി പരാമർശിച്ചിട്ടുണ്ട്.

# 1-19 ചെങ്കൽ പടവിന് അധികം നൽകിയ 11018 രൂപ ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരിച്ചടവാക്കി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചേലാക്കോട് അംഗൻവാടി പുനരുദ്ധാരണം എന്ന പ്രവൃത്തിയുടെ (211/19) അപ്പൻഡിക്സ് 2 ഇനം 4 ചെങ്കൽ പടവ് അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം 2.91$m^3$ ആണ് ചെയ്തിട്ടുള്ളത്. എന്നാൽ 4.51$m^3$ പ്രവൃത്തി ചെയ്തതിനുള്ള തുക കരാറുകാരന് നൽകിയിട്ടുണ്ട്. അളവ് പുസ്തകം ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 4.51$m^3$ എന്നത് 2.91$m^3$ എന്ന് തിരുത്തി നൽകിയിട്ടുണ്ടായിരുന്നു.
വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | പ്രവൃത്തിയുടെ അളവ് | നൽകാവുന്ന തുക @6886.44/ $m^3$ | നൽകിയ തുക @6886.44/ $m^3$ | അധികം |
|---|---|---|---|---|
| ചേലാക്കോട് അംഗൻവാടി പുനരുദ്ധാരണം (211/19)<br>ബിൽ 18/29.5.18 തുക 138652<br>അളവ് പുസ്തകം 112/17-18, 113/17-18<br>കരാറുകാരൻ ശ്രീ.ടി.മുഹമ്മദ് അജ്നാസ് | $2.91m^3$ | 20040 | 31058 | 11018 |

അധിക തുക 11018 രൂപ കരാറുകാരനിൽ നിന്ന് ഈടാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി 1/7.11.2019 നൽകിയതിനെ തുടർന്ന് 11018 രൂപ 119130103166/13.11.2019 നമ്പർ രസീതി പ്രകാരം ഗ്രാമ പഞ്ചായത്തിൽ തിരിച്ചടവാക്കുകയുണ്ടായി. ബിൽ തുക നൽകിയത് മുതൽ അധിക തുക തിരിച്ചടവാക്കിയത് വരെയുള്ള കാലത്തേക്ക് നീയമാനുസൃതമുള്ള പിഴ കൂടി കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതും പ്രസ്തുത തുക സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് അടവാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്.

# 1-20 വസ്തുനികുതി കുറവായി ഈടാക്കി

കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള (ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗണുകൾ) കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി (ഏറ്റവും കുറഞ്ഞത്) നിരക്കുകൾ താഴെ കൊടുക്കുന്നു.

100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 30/- രൂപ / ച.മീ.

100ച.മീറ്ററിനു മുകളിൽ 200ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 50/- രൂപ / ച.മീ.

വാണിജ്യ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി ഇതേ നിരക്കിൽ തന്നെയാണ് ഭരണസമിതി നിശ്ചയിച്ചിട്ടുള്ളതും.

ചെറിയ തറ വിസ്തീർണ്ണത്തിൽ (100ച.മീ. താഴെ) തിരിച്ച ഷോപ്പ് റൂമുകളടങ്ങിയതും എന്നാൽ ആകെ തറ വിസ്തീർണ്ണം 100ച.മീറ്ററിനു മുകളിൽ വരുന്നതുമായ വിവിധ വാണിജ്യ കെട്ടിടങ്ങൾക്ക് അവയുടെ തറ വിസ്തീർണ്ണം മൊത്തമായി പരിഗണിക്കാതെയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം 100ചതുരശ്ര മീറ്ററിനു മുകളിൽ വരുന്നതും മുകളിൽ പരാമർശിച്ച ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ വിവിധ നമ്പറുകൾ അനുവദിച്ച ഒറ്റക്കെട്ടിടത്തിന് നികുതി നിർണ്ണയിക്കുന്നതിലേക്ക് ഉയർന്ന നിരക്കിലുള്ള (50/-) അടിസ്ഥാന നികുതി പരിഗണിക്കേണ്ടതിനു പകരം 30/- രൂപയാണ് കണക്കിലെടുത്തിരിക്കുന്നത്. ആയതിനാൽ നികുതി നിർണ്ണയിച്ചതിൽ കുറവ് സംഭവിച്ചിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| വാർഡ് /കെട്ടിട നം | ഉടമയുടെ പേര് | ആകെ വിസ്തീർണ്ണം (ച.മീ.) | റൂമുകളുടെ എണ്ണം | ഈടാക്കിയ നികുതി 30രൂപ/ ച.മീ. | ഈടാക്കേണ്ട നികുതി 50രൂപ/ ച.മീ. | കുറവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 11/217AമുതൽHവരെ | ശ്രീ. അബ്ദുൾ ഹമീദ് | 392.52 | 8 | 30*392.52 =11775.60 | 50*392.52 =19626.00 | 7851.00 |
| 15./120AമുതൽLവരെ | ശ്രീ. ചേക്കുട്ടി. | 265.64 | 12 | 30*265.64 =7969.00 | 50*265.64 =13282.00 | 5313.00 |
| 10/1AമുതൽRവരെ | ശ്രീ.വി.പി. മൊയ്തീൻകുട്ടി | 1288.98 | 18 | 30*1288.98 =38669.40 | 50*1288.98 =64449.00 | 25780.00 |
| 9/541AമുതൽZവരെ | ശ്രീമതി.ഗിരിജ | 541.14 | 26 | 30*541.14 =16234.00 | 50*541.14 =27057.00 | 10823.00 |
| 19/941AമുതൽGവരെ | ശ്രീ.ഫയാസ് | 190.52 | 7 | 30*190.52 =5715.00 | 50*190.52 =9526.00 | 3811.00 |

ആകെ= 53578/-

എന്നാൽ ചില വാണിജ്യകെട്ടിടങ്ങൾക്ക് 50/- രൂപ നിരക്കിലും നികുതി ഈടാക്കിയിട്ടുണ്ട്.

മേൽ പരാമർശിച്ച കെട്ടിടങ്ങൾക്ക് 50/- രൂപ അടിസ്ഥാന നികുതിയായി പരിഗണിക്കാതെ നികുതി നിർണ്ണയിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 28/16.11.19 നം ഓഡിററ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി നിർണ്ണയിച്ചതിൽ വന്ന കുറവ് ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

# 1-21 തൊഴിൽനികുതി അപാകതകൾ

2018-19 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി രജിസ്റ്ററുകളും അനുബന്ധരേഖകളും പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) ബഹു. ഹൈക്കോടതിയുടെ 4.9.2012ലെ WP(C)1042/2012 ഉത്തരവു പ്രകാരം പ്രൈമറി അധ്യാപകർക്ക് കുറഞ്ഞത് 10000 രൂപ പ്രതിമാസ വേതനം ഉറപ്പു വരുത്തിയിട്ടുള്ളതാണ്. അതനുസരിച്ച്അധ്യാപകരുടെ മിനിമം അർദ്ധവാർഷിക വരുമാനം 60000 രൂപയായി കണക്കാക്കി ആനുപാതികമായ തൊഴിൽനികുതി ഈടാക്കേണ്ടതായിരുന്നു. എന്നാൽ താഴെപ്പറയുന്ന അൺ എയ്ഡഡ് സ്കൂളുകളിലെ അധ്യാപക ജീവനക്കാരിൽനിന്നും ഇപ്രകാരം തൊഴിൽനികുതി ഈടാക്കിയിട്ടില്ലാത്തതിനാൽ പഞ്ചായത്തിനു ലഭിക്കേണ്ടതായ തനതു വരുമാനത്തിൽ കുറവു സംഭവിച്ചു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| സ്കൂളിന്റെ പേര് | അധ്യാപകരുടെ എണ്ണം | അർദ്ധവാർഷിക വരുമാനനിരക്ക് (റിട്ടേൺ പ്രകാരം) | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | ഈടാക്കാൻ അവശേഷിയ്ക്കുന്ന നികുതി |
|---|---|---|---|---|---|
| ഐ.ആർ.എച് എസ്.എസ്. എടയൂർ | 38 | 17400-42000 | 12*120= 1440<br>24*180=4320<br>2*300 =600<br>= 6360 | 38*600= 22800 | 16440 |
| സഹ ഇംഗ്ലീഷ് | 45 | 18000-36000 | 15*300=4500 | 45*600= | 17100 |

| | | | | | |
|---|---|---|---|---|---|
| സ്കൂൾ, എടയൂർ | | | 30*180=5400<br>=9900 | 27000 | |
| എം.ഇ.ടി.സ്കൂൾ,<br>കൊളമംഗലം | 18 | 24000-40000 | 14*300=4200<br>4*180= 720<br>=4920 | 18*600=<br>10800 | 5880 |

ആകെ = 39420/-

ബഹു. ഹൈക്കോടതിയുടെ ഉത്തരവിൽ സൂചിപ്പിച്ച തരത്തിൽ മിനിമം വേതനം അടിസ്ഥാനമാക്കിയുള്ള അർദ്ധ വാർഷിക വരുമാനം ഉൾപ്പെടുത്തി അർദ്ധവാർഷിക റിട്ടേണുകൾ സമർപ്പിക്കേണ്ടതു സംബന്ധിച്ച നിർദ്ദേശം സ്ഥാപനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

ബഹു. ഹൈക്കോടതിവിധി പ്രകാരം മിനിമം വേതനം ഉറപ്പാക്കിയിട്ടുള്ള സ്വകാര്യ സ്കൂൾ അധ്യാപകരുടെ തൊഴിൽനികുതി റിട്ടേണുകളിൽ, മിനിമം വേതനത്തിലും കുറവായ പ്രതിമാസ വരുമാനം രേഖപ്പെടുത്തി റിട്ടേൺ സമർപ്പിച്ചത് തൊഴിൽവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

<u>2. ഓഡിറ്റോറിയങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല.</u>

പഞ്ചായത്തിന്റെ പരിധിയിലുള്ള താഴെപ്പറയുന്ന ഓഡിറ്റോറിയങ്ങളിൽ നിന്നും രണ്ടു അർദ്ധവർഷങ്ങളിലേയും സ്ഥാപനതൊഴിൽനികുതി ഈടാക്കിയില്ല.

| ക്രമ നം | പേര് | വാർഡ് /കെട്ടിട നം |
|---|---|---|
| 1 | വീപീസ് ഓഡിറ്റോറിയം,പൂക്കാട്ടിരി. | 10/413A |
| 2 | ഒബ്റോൺ ഓഡിറ്റോറിയം, സി.കെ പാറ | 18/214A |

മേൽ സ്ഥാപനങ്ങളുടെ സ്ഥാപനതൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3)താഴെപ്പറയുന്ന ജീവനക്കാർ 2018-19 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| സ്ഥാപനം | ജീവനക്കാരന്റെപേര്,ഉദ്യോഗപ്പേര് | അർദ്ധവർഷം |
|---|---|---|
| വില്ലേജ് ഓഫീസ് എടയൂർ | ശ്രീ.ജയരാജൻ .കെ<br>വി.ഇ.ഒ | 1,2 |
| | ശ്രീ.ഡേവിഡ് വി.ജെ.<br>എസ് .വി.ഇ.ഒ | 2 |
| | ശ്രീ.അഹനേഷ്<br>എസ് .വി.ഇ.ഒ | 1,2 |

4) ശ്രീമതി ജലജ UPSA(എ. യു.പി .സ്കൂൾ, വടക്കും പുറം) 12.6.18ന് സ്ഥലം മാറിപ്പോയതായി റിട്ടേണിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾ സംബന്ധിച്ച് 19 /14.11.19 നമ്പറായി നൽകിയ ഓഡിററ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-22 റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീ,തൊഴിൽ നികുതി എന്നിവ ഈടാക്കാത്തതു സംബന്ധിച്ച്

ലഭ്യമാക്കിയ കണക്കുകൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ 12 റേഷൻകടകൾ പ്രവർത്തിയ്ക്കുന്നുണ്ട്. എന്നാൽ ഈ റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീയും വരുമാനത്തിനനുസൃതമായ തൊഴിൽ നികുതിയും ഈടാക്കിയതായി കാണുന്നില്ല. മുഴുവൻ റേഷൻ കടകളിൽ നിന്നും അർഹമായ ലൈസൻസ് ഫീ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച്__27/16.11.19 നമ്പറായി നൽകിയ ഓഡിററ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-23 ഇടയൂർമുളകിനൊരു കൈത്താങ്ങ്(166/19)- പദ്ധതിനടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം | 166/19 |
| പദ്ധതി അടങ്കൽ | 40000/-(വി.ഫ ₹32000/-,ഗു.വി. ₹8000) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പദ്ധതി ചെലവ് | ₹31909/-(ബിൽനം.9/21.12.18) |

പദ്ധതിയുടെ ഭാഗമായി ജൈവ വളം/ജൈവ കീടനാശിനി എന്നിവയ്ക്ക് 75% സബ്സിഡി അനുവദിക്കുന്നതിനാണ് പദ്ധതിയിൽ ഉദ്ദേശിച്ചിരുന്നത്. പദ്ധതിയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.ഒരു ഗുണഭോക്താവിന് നൽകാവുന്ന പരാമവധി സബ്സിഡി തുക ഗ്രാമ പഞ്ചായത്ത് നിശ്ചയിച്ചില്ല.

2.വളത്തിന്റെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിർണ്ണയിച്ചിട്ടുള്ളത് ₹20/Kg നിരക്കിലാണെങ്കിലും ബയോ ഫാർമ എടയൂർ എന്ന സ്ഥാപനത്തിൽ നിന്നും ജൈവ വളം വാങ്ങിയിട്ടുള്ളത് കിലോഗ്രാമിന് ₹25/-നിരക്കിലാണ്.

3.കുഞ്ഞാലൻകുട്ടി എന്ന ഗുണഭോക്താവിന് സബ്സിഡിയിനത്തിൽ ₹315/-യാണ് പാസാക്കി നല്കിയിട്ടുള്ളതെങ്കിലും ₹1252/- ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്.

കാലിവളം,മണ്ണിര കമ്പോസ്റ്റ്,മറ്റ് ജൈവവളങ്ങൾ എന്നിവ ട്രൈക്കോഡെർമ ചേർത്ത് വിതരണം ചെയ്തതിനാലാണ് കിലോഗ്രാമിന് ₹25/-നിരക്ക് അനുവദിച്ചിട്ടുള്ളതെന്ന് കൃഷി ഓഫീസർ മറുപടിയായി അറിയിച്ചിട്ടുണ്ട്.കുഞ്ഞാലൻകുട്ടി എന്ന ഗുണഭോക്താവിന് അധികമായി നൽകിയ തുക തിരിച്ചടയ്ക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.യൂണിറ്റ് കോസ്റ്റ്,ഒരു ഗുണഭോക്താവിന് നൽകുന്ന പരമാവധി സബ്സിഡി തുക,മറ്റ് വിശദാംശങ്ങൾ എന്നിവ പൂർണ്ണമായി ഉൾപ്പെടുത്തി പ്രോജക്ട് രൂപീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.സബ്സിഡിയിനത്തിൽ അധികമായി നൽകിയ ₹937/-തിരിച്ചടയ്ക്കേണ്ടതാണ്.

# 1-24 കേര സൊസൈറ്റിക്ക് ട്രില്ലർ-പർച്ചേസ് ചെയ്ത് ഒരു വർഷം കഴിഞ്ഞിട്ടും ട്രില്ലർ കാർഷികാവശ്യത്തിനായി ഉപയോഗിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 168/19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

| | |
|---|---|
| പദ്ധതി അടങ്കൽ | 152988/-(വി.ഫ ₹139080/-,ഗു.വി.₹13908/-) |
| പദ്ധതി ചെലവ് | ₹149282/-(ബിൽ നം.3/23.11.18&ചെക്ക് നം.418267/23.11.18) |

കേര സൊസൈറ്റിക്ക് ടില്ലർ (168/19) എന്ന പദ്ധതിയുടെ ഭാഗമായി എടയൂർ കേര സൊസൈറ്റി എന്ന സ്ഥാപനത്തിന്റ കൺവീനർക്ക് ₹150416/-(ഇൻവോയ്സ് നം.MPM/335/13.11.18) വില വരുന്ന ടില്ലർ റെയ്ഡ്കോയിൽ നിന്നും വാങ്ങി നല്കിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപന തലത്തിൽ കൃഷി ഭവൻ ഉൾപ്പെടെയുള്ള പൊതു സംവിധാനങ്ങളിൽ നിലവിലുള്ള ഉപകരണങ്ങൾ അപര്യാപ്തമാണെന്ന് ബോധ്യപ്പെട്ട് കൃഷി ഓഫിസർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമെ ഉപകരണങ്ങൾ വാങ്ങാവൂ എന്ന് 2018-19 വർഷത്തെ പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്.പദ്ധതി സംബന്ധിച്ച് യാതൊരു സാധ്യത പഠനവും നടത്താതെയാണ് കേര സൊസൈറ്റിക്ക് ടില്ലർ വാങ്ങി നൽകിയിട്ടുള്ളത്.13.11.18ൽ വാങ്ങിയ ടില്ലർ നാളിതുവരെയും കാർഷികാവശ്യത്തിന് ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല.ടില്ലർ പഞ്ചായത്തിൽ രൂപീകരിച്ചിട്ടുള്ള കാർഷിക കർമസേനയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്ന് കൃഷി ഓഫിസർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയായി അറിയിച്ചിട്ടുണ്ട്.കേര സൊസൈറ്റിയുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.കാർഷിക കർമ സേനയുടെ പ്രവർത്തനങ്ങൾ വിലയിരുത്തി ടില്ലർ വാടക വരവ് ചെലവ് സംബന്ധിച്ച കണക്കുകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.പദ്ധതി നാളിതുവരെയും ലക്ഷ്യം കൈവരിക്കാത്തതിനാൽ വികസന ഫണ്ടിനത്തിലുള്ള ₹135374/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-25 പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

പി .എച്ച്.സി യിലേക്ക് മരുന്നുകൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മുൻകൂറായി നൽകിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ബിൽ നം./തീയതി | തുക(₹) |
|---|---|---|
| പാലിയേറ്റീവ് പരിരക്ഷ(56/19) | ചെക്ക് നം.9797117 /30.3.19 | 350000 |
| പാലിയേറ്റീവ് പരിരക്ഷ(56/19) | ബിൽ നം.29/14.3.19 | 106515 |
| പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ(58/19) | ബിൽ നം.31/14.3.19 | 300000 |

പാലിയേറ്റീവ് പരിരക്ഷയ്ക്കായി ₹178524/-യുടെയും പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് ₹170910/-യുടെയും മരുന്നുകൾ ഇനിയും ലഭിക്കുവാനുണ്ടെന്ന് മെഡിക്കൽ ഓഫിസർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയായി അറിയിച്ചിട്ടുണ്ട്.അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാകുന്നതുവരെ ₹349434/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-26 സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം-പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം | 158/19 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ് മിസ്ട്രസ് ഗവ.എൽപി സ്കൂൾ |
| പദ്ധതി അടങ്കൽ | 50000(തനത് ഫണ്ട്) |
| പദ്ധതി ചെലവ് | ₹37219/- |

സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം എന്ന പദ്ധതിയിൽ നീന്തൽ ഉപകരണങ്ങൾ വാങ്ങിയതിന് ചെക്ക് നം.9797103/20.3.19 പ്രകാരം ₹19714/-യും പരിശീലകയുടെ ഫീസായി ചെക്ക് നം.9797115/28.3.19 പ്രകാരം

₹17500/-യും ചെലവഴിച്ചിട്ടുണ്ട്.പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.പഞ്ചായത്ത് കമ്മിറ്റിയുടെ 13.12.18 ലെ 2(8) നമ്പർ തീരുമാന പ്രകാരം പരിശീലകയായി അമ്പിളി പി.കെ എന്നയാളെ നിയമിച്ചിട്ടുണ്ടെങ്കിലും പരിശീലന ഫീസ് നിർണ്ണയിച്ച് കരാർ വ്യവസ്ഥയിൽ ഉൾപ്പെടുത്തിയില്ല.

2 നീന്തൽ പരിശീലനം നൽകുന്നതിന് ശ്രീമതി അമ്പിളി പി.കെ. ക്ക് സ്പോർട്സ് കൗൺസിലിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുള്ളതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ജില്ലാ സ്പോർട്സ് കൗൺസിലിനെ പല തവണ നേരിട്ട് സമീപിച്ചെങ്ങിലും പരിശീലകയെ ലഭ്യമായില്ലെന്നും പ്രസ്തുത സാഹചര്യത്തിൽ പരിചയ സമ്പന്നയായ വ്യക്തിയെ പത്ര പരസ്യം വഴി തെരഞ്ഞെടുക്കുകയായിരുവെന്നും ഹെഡ് മിസ്ട്രസ് മറുപടി നൽകിയിട്ടുണ്ട്.എന്നാൽ പരിശീലകയുടെ പരിചയം,അംഗീകാരം സംബന്ധിച്ച രേഖകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.പരിശീലന ഫീസിനത്തിലുള്ള ₹17500/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-27 ശുചിത്വം സുന്ദരം എന്റെ എടയൂർ -ഇൻകം ടാക്സ് ഈടാക്കിയതിൽ കുറവ്

ഗ്രാമ പഞ്ചായത്തിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉൾപ്പെടെയുള്ള ഖരമാലിന്യങ്ങൾ ശേഖരിച്ച് റീസൈക്ലിംഗ് നടത്തുന്നതിന് തയ്യാറാക്കിയ പദ്ധതിയാണിത്.എക്കോ ഗ്രീൻ കേരള കോട്ടയ്ക്കൽ എന്ന സ്ഥാപനമാണ് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള കരാർ ഏറ്റെടുത്തിട്ടുള്ളത്.പദ്ധതി ചെലവിനത്തിൽ പ്രസ്തുത സ്ഥാപനത്തിന് ബിൽ നം.3/25.5.18&ബിൽ നം.8/16.7.18 എന്നിവ പ്രകാരം ₹694500/-നൽകിയിട്ടുണ്ട്.ബിൽ തുകയിൽ നിന്നും 1% നിരക്കിൽ ഇൻകം ടാക്സിനത്തിൽ ₹6945/-കുറവ് ചെയ്തിട്ടുണ്ട്.കമ്പനിയായി രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനത്തിൽ നിന്നും 2% നിരക്കിലുള്ള ഐ.ടി-യാണ് ഈടാക്കേണ്ടത്. ഇൻകം ടാക്സിനത്തിലുള്ള നഷ്ടം ₹6945/-ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി കേന്ദ്ര സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

# 1-28 ലൈഫ് ഭവന പദ്ധതി ജനറൽ-ഒന്നാമത്തെ ഗഡു മാത്രം കൈപ്പറ്റിയതിനുശേഷം ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിനുള്ള ഒന്നാമത്തെ ഗഡുവായ ₹40000/- കൈപ്പറ്റിയിട്ടുണ്ടെങ്കിലും വീടുപണി നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | ബിൽ നം./തീയതി | കൈപ്പറ്റിയ തുക(₹) |
|---|---|---|
| റസിയ വാക്കടചാലപ്പറമ്പിൽ | 6/16.7.18 | 40000 |
| അരിഫ അലിക്കപ്പറമ്പിൽ | 6/16.7.18 | 40000 |
| സക്കീന പറവക്കൽ | 7/16.718 | 40000 |
| പ്രേമ മാണക്കാപ്പറമ്പിൽ | 7/16.7.18 | 40000 |

ഗുണഭോക്താക്കൾക്ക് നിർദ്ദേശങ്ങൾ നൽകി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത പക്ഷം ഒന്നാം ഗഡു തുക തിരികെ ഈടാക്കേണ്ടതാണ്.

# 1-29 ഇക്കോ ഷോപ്പിന് വാർഷിക ഗ്രാന്റ്-ഗ്രാന്റ് കൈപ്പറ്റിയ സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നില്ല

ഇക്കോ ഷോപ്പിന് ധനസഹായം(164/19) എന്ന പദ്ധതിയുടെ ഭാഗമായി സുസ്ഥിര എ ഗ്രേഡ് ക്ലസ്റ്റർ എന്ന സ്ഥാപനത്തിന്റ കൺവീനർക്ക് ₹29040/-(ബിൽ നം.22/28.3.19&18/21.3.19) വാർഷിക ഗ്രന്റ് അനുവദിച്ചിട്ടുണ്ട്. വാടക ചാർജ്ജിനത്തിലും വൈദ്യുതി ചാർജ്ജിനത്തിലുമായിട്ടാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്.01.04.18 മുതൽ പ്രവർത്തനം തുടങ്ങിയ സ്ഥാപനം 6മാസങ്ങൾക്കു ശേഷം പ്രവർത്തനം അവസാനിപ്പിച്ചിരുന്നു.പ്രവർത്തന കാലഘട്ടത്തിലെ വാടകയും വൈദ്യുതി ചാർജ്ജുമാണ് ഇക്കോ ഷോപ്പിന് നൽകിയിട്ടുള്ളതെങ്കിലും ഗ്രാന്റ് നൽകിയ സമയത്ത് സ്ഥാപനം പ്രവർത്തന രഹിതമായിരുന്നു.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഇക്കോ ഷോപ്പ് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.ഇക്കോഷോപ്പിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിനും പ്രാദേശിക ഉൽപ്പന്നങ്ങളുടെ വിപണനം ഉറപ്പു വരുത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-30 വീട് പുനരുദ്ധാരണം(എസ്.സി&ജനറൽ)-പദ്ധതി നടത്തിപ്പിലെ ന്യൂനതകൾ

വീട് പുനരുദ്ധാരണം ജനറൽ(10/19) എന്ന പദ്ധതിക്കായി ₹105000/-യും വീട് പുനരുദ്ധാരണം എസ്.സി(11/19) എന്ന പദ്ധതിക്കായി ₹600000/-യും തൻവർഷം ചെലവഴിച്ചിട്ടുണ്ട്.പദ്ധതി നിർവ്വഹണത്തിൽ താഴെപ്പറയുന്ന ന്യൂനതകൾ കാണുന്നു.

1.<u>ഭവന പുനരുദ്ധാരണത്തിനുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല</u>

വാസയോഗ്യമല്ലാത്ത ഭവനം വാസയോഗ്യമാക്കുന്നതിനുവേണ്ടിമാത്രമേ തുക അനുവദിക്കാവൂ എന്ന് പദ്ധതി മാർഗ രേഖയിൽവ്യക്തമാക്കിയിട്ടുണ്ട്.വീട് വാസയോഗ്യമല്ലെന്ന തെളിയിക്കുന്ന യാതൊരു രേഖകളും ഗുണഭോക്താക്കൾ ഹാജരാക്കിയിട്ടില്ല.ഉടമസ്ഥൻ തയ്യാറാക്കുന്ന എസ്റ്റിമേറ്റ്എൽ.എസ്.ജി.ഡി എൻജിനിയർ പരിശോധിച്ച ശേഷം ഭാര്യയുടെയും ഭർത്താവിന്റയും പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകണമെന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല.

2.<u>മുൻകൂറായി തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ വീട് പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.</u>

ജനറൽ വിഭാഗത്തിന് ₹25000/-വീതവും എസ്.സി വിഭാഗത്തിന്₹50000/-വീതവുമാണ് ഭവന പുനരുദ്ധാരണത്തിന് അനുവദിച്ചിട്ടുള്ളത്.50%തുക മുൻകൂറായി നൽകുകയാണ് ചെയ്തിട്ടുള്ളത്.താഴപറയുന്ന ഗുണഭോക്താക്താക്കൾ മുൻകൂർ കൈപ്പറ്റിയ ശേഷം വീട് പണി പൂർത്തീകരിച്ചിട്ടില്ല.

| ഗുണഭോക്താവ് | വിഭാഗം | ബിൽ നം/തീയതി | തുക |
|---|---|---|---|
| ശ്രീ.കമ്മദ് പാലക്കൽ | ജനറൽ | 12/15.10.18 | 12500 |
| ശ്രീ.ഹുസൈൻ കഴുങ്ങുംപള്ളി | ജനറൽ | 29/20.3.19 | 12500 |
| ശ്രീമതി.ചെറുച്ചി മഠത്തിൽപള്ളിയാലിൽ | എസ്.സി | 13/15.10.18 | 25000 |
| ശ്രീ.താമി കാരങ്ങേപ്പറമ്പിൽ | എസ്.സി | 3/15.10.18 | 25000 |

മുൻകൂർ കൈപ്പറ്റിയ ശേഷം ഭവന പുനരുദ്ധാരണം പൂർത്തീകരിക്കാത്തതിനാൽ ₹75000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-31 ചെലവുകൾക്കാധാരമായ രേഖകൾ ഹാജരാക്കിയില്ല

സെക്രട്ടറി നടത്തിയ താഴെപ്പറയുന്ന ചെലവുകൾക്കാധാരമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല

| ക്രമ നം | വൗച്ചർ നം/ ബിൽ | തുക | ബില്ലിന്റെ വിവരം | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | നം.തിയ്യതി | | | |
| 1 | 21800122/23.5.18 | 2000 | KREWS വരിസംഖ്യ | കൈപ്പറ്റ് രസീതി |
| 2 | 21600960/20.1.17 | 438396 | പൈപ്പ് ലൈൻ നീട്ടുന്നതിന് വാട്ടർ അതോറിറ്റി എടപ്പാളിൽ അടവാക്കിയത്(പ്രൊജക്ട് നം.51/17) | വിനിയോഗസാക്ഷ്യപത്രം ഇല്ല |
| 3 | ബിൽ നം.2/30.4.18 | 86130 | IKM വിഹിതം നൽകിയത് (പ്രൊജക്ട് നം.4/19) | വിനിയോഗസാക്ഷ്യപത്രം ഇല്ല |

ചെലവുരേഖകൾ ഹാജരാക്കുന്നത് വരെ 526526 രൂപ തടസ്സം ചെയ്യുന്നു.

# 1-32 സുജലം സ്കൂളുകൾക്ക് വാട്ടർ പ്യൂരിഫയർ- കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ സ്വീകരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം | 154/19 |
| പദ്ധതി അടങ്കൽ | 220000/-(MGNR) |
| ബിൽ നം/തീയതി | 5/30.11.18 |
| ചെലവ് തുക | 178200 |

സ്കൂളുകളിലേക്ക് വാട്ടർ പ്യൂരിഫയറുകൾ വാങ്ങുന്നതിന് 01.08.18 ലെ A2-25 നമ്പർ ടെണ്ടർ നോട്ടീസ് പ്രകാരം വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള ടെണ്ടറുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ടെണ്ടർ സമർപ്പിച്ച സ്ഥാപനം | ഇനം&സ്പെസിഫിക്കേഷൻ | തുക(₹) |
|---|---|---|
| BSGST ഏജൻസീസ് കുറ്റിപ്പുറം | വേവ് വാട്ടർ 10L | 13900(18മാസത്തെ വാറന്റി) |
| | വേവ് വാട്ടർ 20L | 34960 |
| നിസ്ഡൻ ഇൻഫോവേയ്സ് പെരിന്തൽമണ്ണ | അക്വാ അക്ടീവ് 15L | 25800 |
| | ബ്ലൂ മൗണ്ട് 10L | 19800(12മാസത്തെ വാറന്റി) |
| ഇൻഫോടെക് നെറ്റ് വർക്കിംഗ് മഞ്ചേരി | ബ്ലൂ മൗണ്ട് 10L | 21945 |

കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി ഉയർന്ന നിരക്കിലുള്ള ടെണ്ടർ സ്വീകരിച്ചതിന് വിശദീകരണമൊന്നും രേഖപ്പെടുത്താതെയാണ് 18.08.18 ലെ 1/1(3) നമ്പർ തീരുമാന പ്രകാരം നിസ്ഡൻ ഇൻഫോവേയ്സ് പെരിന്തൽമണ്ണ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ പഞ്ചായത്ത് കമ്മിറ്റി സ്വീകരിച്ചിട്ടുള്ളത്.പഞ്ചായത്തിൽ നിന്നും ടെണ്ടർ ഫോറം രേഖാമൂലം കൈപ്പറ്റാതെ വ്യാജ ടെണ്ടർ സമർപ്പിച്ചതിനാലും രജിസ്ട്രേഷനും മറ്റും സംബന്ധിച്ച് വകുപ്പുതല പരാതിയുള്ളതിനാലുമാണ് BSGST എന്ന സ്ഥാപനത്തിന്റെ ടെണ്ടർ നിരാകരിച്ചതെന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയായി അറിയിച്ചിട്ടുണ്ട്.എന്നാൽ പ്രസ്തുത വിവരങ്ങളൊന്നും പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിറ്റ്സിലും പഞ്ചായത്ത് കമ്മിറ്റി മിനിറ്റ് മിനിറ്റ്സിലും രേഖപ്പെടുത്തിയിട്ടില്ല.വിശദീകരണം തൃപ്തികരമല്ലാത്തതിനാലും വിശദീകരണത്തിനാധാരമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാലും പദ്ധതി ചെലവായ ₹ 178200/- തടസ്സപ്പെടുത്തുന്നു.

# 1-33 സംയുക്ത പദ്ധതികൾ-നീക്കിയിരുപ്പിന്റെ കൃത്യത വ്യക്തമല്ല

സംയുക്ത പദ്ധതികൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുകകളിൽ 31.03.19ൽ ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| അക്കൗണ്ട് ഹെഡ് | സ്ഥാപനം | ഫണ്ടിനം | ചെക്ക് നം/തീയതി | 31.3.19 ലെ നീക്കിയിരുപ്പ് തുക(₹) |
|---|---|---|---|---|
| 320700404 | ബ്ലോക്ക് പഞ്ചായത്ത് | ലഭ്യമല്ല | 18085162/28.2.17 | 125000 |
| | | സാനിറ്ററി യൂണിറ്റ് | 180854416/28.2.17 | 110000 |
| | | ലഭ്യമല്ല | 1808883680/28.2.17 | 300000 |
| | | പാലിന് സബ്സിഡി | 31.3.17 ൽ SBT E pay അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത തുക | 295435 |
| 320700205 | ജില്ലാ പഞ്ചായത്ത് | ലഭ്യമല്ല | 01.10.18 ൽ നേരിട്ട് ക്രഡിറ്റ് ചെയ്ത തുക | 210000 |
| 3200700210 | ജില്ലാ പഞ്ചായത്ത് | ലഭ്യമല്ല | 27.3.19 ൽ KGB 9957അക്കൗണ്ടിലേക്ക് നേരിട്ട് ക്രഡിറ്റ് ചെയ്ത തുക | 82819 |

ചെക്ക് നം. 8085162/28.2.17 പ്രകാരം ലഭിച്ച ₹125000/-യുംചെക്ക് നം 1808883680/28.2.17 പ്രകാരം ലഭിച്ച ₹300000/-യും(സാനിറ്ററി യൂണിറ്റ്) പാലിന് സബ്സിഡിയിനത്തിൽ ലഭിച്ച ₹295435-യും ഭിന്നശേഷിക്കാർക്ക സ്കോളർഷിപ്പ് ഇനത്തിൽ ലഭിച്ച ₹210000/-യും ചെലവഴിച്ചിട്ടുള്ളതാണെങ്കിലും തെറ്റായ അക്കൗണ്ടിംഗ് മൂലം നീക്കിയിരുപ്പായി അവശേഷിക്കുന്നതാണെന്നും സെക്രട്ടറി രേഖാമൂലം അറിയിച്ചിട്ടുണ്ട്. കൃത്യമായ രേഖകളുടെ പിൻ ബലത്തിലും പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലും വാർഷിക കണക്കിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 2-1 റോഡ് റെസ്റ്റൊറേഷൻ ചാർജ് - ഈടാക്കിയതിൽ 11.70 ലക്ഷം രൂപയുടെ കുറവ്

ഗ്രാമ പഞ്ചായത്തിലെ വിവിധ റോഡുകളിൽ ഒപ്റ്റിക്കൽ ഫൈബർ കാബിൾ (OFC) ഇടുന്നതിനും, MH സ്ഥാപിക്കുന്നതിനുമായി 'റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് ' എന്ന സ്ഥാപനത്തിന് അനുമതി നൽകിയപ്പോൾ, പ്രസ്തുത സ്ഥാപനത്തിൽ നിന്ന് റോഡ് റെസ്റ്റൊറേഷൻ ചാർജ്

ഈടാടാക്കിയതിലെ അപാകത കാരണം റോഡ് റെസ്റ്റോറേഷൻ ചാർജ്ജിനത്തിൽ ഗ്രാമ പഞ്ചായത്തിന് 11.70 രൂപ നഷ്ടം വന്നിട്ടുണ്ട്.

ടാർ റോഡുകളുടെ റെസ്റ്റോറേഷൻ ചാർജ് കണക്കാക്കുമ്പോൾ മിനിമം വീതി 1 മീറ്റർ ആയി കണക്കാക്കണമെന്ന് PWD ചീഫ് എഞ്ചിനീയർ (റോഡ്സ് & അഡ്മിനിസ്ട്രേഷൻ) 22.5.2018 ലെ NO:CE/R&B/GL-RC/1/2018 നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ ഈ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ റോഡുകളുടെ വീതി 0.75 CM (50 സെന്റി മീറ്റർ വീതിയിൽ ട്രഞ്ച് കീറിയതിന് 1.5 മടങ്ങ് = 75CM) എന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇത്തരത്തിൽ തെറ്റായി എസ്റ്റിമേറ്റ് കണക്കാക്കിയത് വഴിയാണ് ഗ്രാമ പഞ്ചായത്തിന് നഷ്ടം സംഭവിച്ചത്. കുറവ് വന്ന തുക 'റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് ' എന്ന സ്ഥാപനത്തിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റോഡ് | നീളം | റെസ്റ്റോറേഷൻ ചാർജിന് കണക്കാക്കേണ്ട വീതി | അളവ് | ഈടാക്കേണ്ട തുക @4680.65 | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|
| പീടികപ്പടി വെങ്ങാട് റോഡ് | 2*200=400 | 1മീറ്റർ | 400മീറ്റർ | 1872260 | 1404195 2*200*0.75=300 മീറ്റർ) | 468065 |
| മാവണ്ടിയൂർ കൂടിയാൽ ജങ്ഷൻ നാലകത്ത് പടി റോഡ് | 2*200=400 | 1മീറ്റർ | 400മീറ്റർ | 1872260 | 1404195 2*200*0.75=300 മീറ്റർ) | 468065 |
| കക്കഞ്ചി അത്താണി പഞ്ചായത്ത് റോഡ് | 1*200=200 | 1മീറ്റർ | 200 മീറ്റർ | 936130 | 702098 1*200*0.75=150 മീറ്റർ) | 234032 |
| | | | | 4680650 | 3510488 | 1170162 |

എ) ഇലക്ട്രോണിക്സ് & ഐ.ടി. വകുപ്പിൻെറ G.O.(Ms)No.25/2018/ITD/ 11/10/2018 ഉത്തരവിലെ 4(i) പ്രകാരം കരാർ പാലിക്കപ്പെടുന്നു എന്ന് ഉറപ്പാക്കുന്നതിനുള്ള സെക്യൂരിറ്റി ആയി, കണക്കാക്കപ്പെട്ട restoration charge ൻെറ മൂന്നിലൊന്ന് തുകക്ക് തുല്യമായ തുക ബാങ്ക് ഗ്യാരണ്ടിയായി ടെലികോം കമ്പനി ഹാജരാക്കേണ്ടതുണ്ട്. കോൺക്രീറ്റ് റോഡ്, മൺ റോഡ് എന്നിവയിലൂടെയും കേബിൾ സ്ഥാപിച്ചതിനടക്കം ആകെ 5944335 രൂപ റെസ്റ്റോറേഷൻ ചാർജ്ജ് ആയി മേൽ സ്ഥാപനം അടവാക്കിയിട്ടുണ്ട്. അപ്രകാരം ആകെ 1981445 രൂപയുടെ ബാങ്ക് ഗ്യാരണ്ടി സ്ഥാപനം ഹാജരാക്കേണ്ടതുണ്ട്. എന്നാൽ ടെലികോം കമ്പനി ബാങ്ക് ഗ്യാരണ്ടി അടവാക്കിയതിന്റെ രേഖ ഗ്രാമ പഞ്ചായത്ത് ഹാജരാക്കിയിട്ടില്ല.

(ബി).മേൽ ഉത്തരവിലെ 4(ii) പ്രകാരം ടെലികോം കമ്പനികൾ റൈറ്റ് ഓഫ് വേ അനുമതിക്കായി ഒരു കിലോമീറ്ററിന് 75,000രൂപ നിരക്കിൽ one time contribution (One Time Track Rental) ആയി

337500 രൂപ (ആകെ 4.5 കിലോമീറ്റർ നീളത്തിൽ റോഡിൽ കേബിൾ ഇടുന്നുണ്ട്) കേരള സ്റ്റേറ്റ് ഐ.ടി.മിഷൻ ഡയറക്ടറുടെ പേരിൽ അടവാക്കേണ്ടതുണ്ട്. അപ്രകാരം തുക അടവാക്കിയതിൻെറ രേഖകൾ ലഭ്യമായതിന് ശേഷമാണ് പ്രവൃത്തിക്ക് അനുമതി നൽകാവുന്നത്. ആയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

റെസ്റ്റൊറേഷൻ ചാർജിനത്തിൽ കുറവ് വന്ന തുകയും, ഖണ്ഡികയിൽ പരാമർശിച്ച മറ്റ് രേഖകളും സ്ഥാപനത്തിൽ നിന്ന് ലഭ്യമാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി 28 /18.11.2019 നൽകിയതിന് – കുറവ് വന്ന തുക അടവാക്കണമെന്ന് കാണിച്ചും, ബാങ്ക് ഗ്യാരണ്ടിയുടെയും, One time contribution അടവാക്കിയതിന്റെയും രേഖകൾ ഹാജരാക്കണമെന്നും കാണിച്ച് റിലയൻസ് ജിയോ ഇൻഫോകോം എന്ന സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ടെന്നും നഷ്ട തുക ഈടാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 നടപ്പാത കോൺക്രീറ്റ് സെന്ററിങ് പ്രവൃത്തി - അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മണ്ണത്ത് പറമ്പ് കളത്തിൽപടി നടപ്പാത കോൺക്രീറ്റ് എന്ന പ്രവൃത്തി (197/19) നിലവിലുള്ള ഡ്രൈനേജിന് മുകളിൽ സ്ലാബ് കോൺക്രീറ്റ് ചെയ്യുന്നതിനാണ് തയ്യാറാക്കിയിട്ടുള്ളത്. ഈ പ്രവൃത്തിയുടെ ഇനം 1 ആയി സ്ലാബ് കോൺക്രീറ്റ് ചെയ്യുന്നതിന് സെന്ററിങ് പ്രവൃത്തിയുടെ അളവ് കണക്കാക്കിയപ്പോൾ രണ്ട് സൈഡിലുമുള്ള 50 Cm വീതിയുള്ള കരിങ്കൽ പടവിന്റെ അളവ് കുറവ് ചെയ്തിട്ടില്ല. ഡ്രൈനേജിന് മുകളിൽ വെച്ചാണ് സ്ലാബ് കോൺക്രീറ്റ് ചെയ്തിട്ടുള്ളത്. ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ 14.11.2019 ന് സ്ഥല പരിശോധന നടത്തിയപ്പോൾ ഇക്കാര്യം വ്യക്തമായി. ആയതിനാൽ ഈ ഇനത്തിൽ അധികം നൽകിയ 23463രൂപ കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | പ്രവൃത്തിയുടെ യഥാർത്ഥ അളവ് | നൽകാവുന്ന തുക @592.06/ $m^2$ | നൽകിയ തുക @592.06/ $m^2$ | അധികം |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| മണ്ണത്ത് പറമ്പ് കളത്തിൽപടി നടപ്പാത കോൺക്രീറ്റ് (197/19)<br><br>ബിൽ 83/7.1.19 തുക 197844<br><br>അളവ് പുസ്തകം 77/17-18,<br><br>കരാറുകാരൻ ശ്രീ.സൈതാലിക്കുട്ടി.പി<br><br>കോസ്റ്റ് ഇൻഡക്സ് 40.2% | $52.17m^2$ | 30888 | 54351<br><br>( $91.80m^2$) | 23463 |

അളവുകളുടെ വിശദാംശങ്ങൾ

| സെന്ററിങ് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയത് | സെന്ററിങ് യഥാർത്ഥ അളവ് |
|---|---|
| 10.38(2.10+2.5) = 23.87<br><br>2<br><br>9.2(2.10+2.4) = 20.70<br><br>2<br><br>3.70*2.40 = 8.88<br><br>3.40*2.40 = 8.16<br><br>5(2.50+2.20) = 11.75<br><br>2<br><br>7.95(2.20+2.44) = 18.44<br><br>2<br><br>ആകെ 91.80 | 10.38(1.10+1.5) = 13.49<br><br>2<br><br>9.2(1.10+1.4) = 11.50<br><br>2<br><br>3.70*1.40 = 5.18<br><br>3.40*1.40 = 4.76<br><br>5(1.50+1.20) = 6.75<br><br>2<br><br>7.95(1.20+1.44) =10.49<br><br>2<br><br>ആകെ 52.17 |

മറ്റ് അപാകതകൾ

1. ഈ പ്രവൃത്തിയിൽ സ്ലാബ് കോൺക്രീറ്റിനുള്ള സെന്ററിങ് പ്രവൃത്തിക്ക് DSR 5.9.3 പ്രകാരമുള്ള നിരക്കാണ് (592.06/m2) നൽകിയിട്ടുള്ളത്. ഈ നിരക്ക് കെട്ടിടങ്ങളുടെ മേൽക്കൂര, ലാന്റിങ് തുടങ്ങിയവയുടെ സ്ലാബ് കോൺക്രീറ്റിനുള്ള സെന്ററിങ് പ്രവൃത്തിക്ക് നൽകുന്നതാണ്. അഡ്ജസ്റ്റബിൽ ടെലിസ്കോപിക് പ്രോപ് ( 2.02m-3.75m) പോലുള്ളവ ഇതിൽ ഉപയോഗിക്കുന്നുണ്ട്. ഉയരക്കൂടുതൽ പരിഗണിച്ച് കൂലിയും അധികമായി ഈ ഡാറ്റയിൽ നൽകുന്നുണ്ട്. കേവലം 1മീറ്ററും അതിലും കുറഞ്ഞ ഉയരവുമുള്ള ഈ ഡ്രൈനേജിൽ ഇത്തരം ഉപകരണങ്ങൾ ഉൾകൊള്ളുന്ന ഡാറ്റ പ്രകാരമുള്ള നിരക്ക് നൽകേണ്ടതില്ല എന്ന് വ്യക്തമാണ്. മാത്രമല്ല ലിന്റൽ , ബീം ( DSR 5.9.5 നിരക്ക് 480.75), കോണിയുടെ ചവിട്ട്പടി ( DSR 5.9.7 നിരക്ക് 587.93) എന്നിവക്ക് വേണ്ടിയുള്ള

സെന്ററിങ് പ്രവൃത്തിക്ക് അനുവദനീയമായതിലും ഉയർന്ന നിരക്കാണ് ഇവിടെ നൽകിയിട്ടുള്ളത്. അത്തരം സെന്ററിങ് പ്രവൃത്തിക്ക് വേണ്ടി വരുന്ന മനുഷ്യ ദിനവും, മെറ്റീരിയലുകളും ഈ പ്രവൃത്തിക്ക് ആവശ്യമില്ല എന്ന് സുവ്യക്തമാണ്.

DSR 4.9.2 പ്രകാരമുള്ള നിരക്ക് മാത്രമേ ഈ പ്രവൃത്തിക്ക് ആവശ്യമായി വരുന്നുള്ളൂ. അധിക നിരക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി 24 /15.11.2019 നൽകിയതിന് ചുവടെ കാണും പ്രകാരം മറുപടി ലഭ്യമാക്കി.
1. പ്രസ്തുത സൈറ്റിൽ 23 മീറ്റർ മാത്രമാണ് രണ്ട് സൈഡിലും കരിങ്കൽ കെട്ട് ഉണ്ടായിരുന്നത്. ബാക്കി നീളത്തിൽ ഒരു വശത്ത് മാത്രമാണ് കെട്ട് ഉണ്ടായിരുന്നത്. മറുഭാഗത്ത് കെട്ടിന് ബലക്ഷയം ഉണ്ടായിരുന്നതിനാൽ ബെൽറ്റ് കോൺക്രീറ്റ് ചെയ്ത് അതിന് മുകളിൽ സ്ലാബ് നിർമ്മിക്കുകയാണ് ഉണ്ടായത്.
2. ഒരു ഭാഗത്ത് സൈഡ് കെട്ട് ഇല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തി ഓഡിറ്റ് വർഷം തന്നെ മറ്റൊരു പ്രവൃത്തി ആയി ഉൾപെടുത്തി നിർവ്വഹിക്കുകയായിരുന്നു.
ചുവടെ കാണിച്ച കാരണങ്ങളാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല
1. 23 മീറ്ററും പ്രവൃത്തി ചെയ്ത ബാക്കി നീളത്തിൽ ഒരു ഭാഗത്തും മതിൽ ഉണ്ടായിരുന്നു എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ സമ്മതിക്കുന്നു. പ്രസ്തുത അളവും സെന്ററിങ് നിരക്ക് കണക്കാക്കിയതിൽ കുറവ് ചെയ്തിട്ടില്ല. സെന്ററിങ്ങ് പ്രവൃത്തിക്ക് അധിക തുക നൽകിയത് സ്ഥല പരിശോധന റിപ്പോർട്ടിൽ പരാമർശിച്ചതിന്, നിർവ്വഹണ ഉദ്യോഗസ്ഥൻ എഴുതിയ കുറിപ്പിൽ ഇത്തരം ഒരു മറുപടി ഇല്ല. സ്ലാബ് കോൺക്രീറ്റിന് 4 വശത്തും സെന്ററിങ് നൽകേണ്ടതിന് പകരം രണ്ട് വശത്തുള്ള സെന്ററിങ് മാത്രമാണ് അളവ് പുസ്തകത്തിൽ ഉൾപെടുത്തിയത് എന്നാണ് സ്ഥല പരിശോധന റിപ്പോർട്ടിലെ പരാമർശങ്ങൾക്ക് മറുപടിയായി എഴുതിയിട്ടുള്ളത്.
2. ബലക്കുറവും. ഒരേ ലെവൽ അല്ലാത്തതിനാലും മതിലിന് മുകളിൽ ബെൽറ്റ് കോൺക്രീറ്റ് ചെയ്തു എങ്കിൽ അതിന് വേണ്ടി നിയമാനുസൃതം അംഗീകാരം വാങ്ങി എസ്റ്റിമേറ്റ് പുതുക്കേണ്ടതായിരുന്നു. അപ്രകാരം എസ്റ്റിമേറ്റ് പുതുക്കിയിട്ടില്ല. ഈ പ്രവൃത്തി മറ്റൊരു പ്രൊജക്ട് ആയി ചെയ്തു എന്ന മറുപടിയും സ്വീകാര്യമല്ല. രണ്ട് പ്രവൃത്തികളും രണ്ട് കരാറുകാരാണ് നിർവ്വഹിച്ചിട്ടുള്ളത്.
3. ഈ പ്രവൃത്തിയുടെ തുടർ പ്രവൃത്തി ആയി ചെയ്ത ഭാഗം ആദ്യം ചെയ്ത നീളത്തിന് ശേഷം വരുന്ന ഭാഗമാണ്. അത് സൈറ്റ് പരിശോധിച്ച് ബോധ്യപ്പെട്ടതാണ്.
വാസ്തവ വിരുദ്ധമായ മറുപടി അംഗീകരിക്കാവുന്നതല്ല. അധിക തുക ഈടാക്കേണ്ടതാണ്.

# 3-2 കുടിവെള്ള പദ്ധതി - പി.വി.സി പൈപ്പ് ഫിറ്റിങ്ങിന് അധിക നിരക്കിൽ തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികളിൽ കുഴൽ കിണറിൽ നിന്ന് വെള്ളം പമ്പ് ചെയ്യുന്നതിന് 50mm dia പൈപ്പ് (10kgf/cm$^2$) കുഴൽ കിണറിലേക്ക് ഇറക്കിയതിന് 317.72/m നിരക്കിൽ കരാറുകാരന് തുക നൽകിയിട്ടുണ്ട്. ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയാണ് ഈ നിരക്ക് കണക്കാക്കിയിട്ടുള്ളത്. അനുവദനീയമായതിലും ഉയർന്ന നിരക്കാണ് ഈ പ്രവൃത്തിയിൽ കരാറുകാരന് നൽകിയിട്ടുള്ളത്.

ട്രഞ്ചിങ്ങും റീഫില്ലിങ്ങും ഉൾപെടെ ഈ പ്രവൃത്തിക്ക് നൽകാവുന്ന നിരക്ക് (50.18.9.6.1) നിരക്ക് 229.45/m രൂപ മാത്രമാണ്. കുഴൽ കിണറിലേക്ക് പൈപ്പ് ഇറക്കുന്ന പ്രവൃത്തിയിൽ ട്രഞ്ചിങ്ങിനും റീഫില്ലിങ്ങിനും ഉള്ള നിരക്ക് കുറവ് ചെയ്താണ് പൈപ്പിന് നിരക്ക് കണക്കാക്കേണ്ടിയിരുന്നത്.

അപ്രകാരം നിരക്ക് കണക്കാക്കിയാൽ 150.43 മാത്രമാണ് ഈ ഇനത്തിന് നൽകാവുന്നത്. തെറ്റായി നിരക്ക് കണക്കാക്കി ബിൽ തുക നൽകിയതിനാൽ കരാറുകാർക്ക് 28854 രൂപ അധികം നൽകിയിട്ടുണ്ട്. അധിക തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | പ്രവൃത്തിയുടെ അളവ് | നൽകാവുന്ന തുക @150.43 m | നൽകിയ തുക @317.72 m | അധികം |
|---|---|---|---|---|
| അധികാരിപ്പടി കുടിവെള്ള പദ്ധതി നവീകരണം (118/19)<br>ബിൽ 103/26.2.19 തുക 47328<br>അളവ് പുസ്തകം 82/18-19<br>കരാറുകാരൻ ശ്രീ.ഷറഫുദ്ധീൻ<br>കോസ്റ്റ് ഇൻഡക്സ് 37.25% | 125 m | 18804 | 39715 | 20911 |
| വട്ടപ്പറമ്പ് അംഗൻവാടി കുടിവെള്ള പദ്ധതി നവീകരണം (209/19)<br>ബിൽ 1/19.5.18 തുക 199709<br>അളവ് പുസ്തകം 119/17-18<br>കരാറുകാരൻ ശ്രീ.ജാസിർ.സി.പി<br>കോസ്റ്റ് ഇൻഡക്സ് 37.25% | 50 | 7522 | 15886 | 7943 |
| | | | **ആകെ** | 28854 |

അധിക നിരക്ക് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 16/13.11.2019 നൽകിയതിന് ചുവടെ കാണും പ്രകാരം മറുപടി ലഭ്യമാക്കി.

1. ഈ ഇനത്തിന് 50.18.9.16.1 (50mm dia pipe -external work- exposed on wall) എന്ന അപ്രൂവ്ഡ് ഓബ്സർവ്ഡ് ഡാറ്റ ആണ് തയ്യാറാക്കിയത്. ഇതിലെ സ്കഫോൾഡിങ്ങ് ചാർജ് ഒഴിവാക്കിയാണ് ഈ പ്രവൃത്തിക്ക് നിരക്ക് കണക്കാക്കിയിട്ടുള്ളത്.
2. സാധാരണ പ്രതലത്തിൽ പൈപ്പ് ക്ലാമ്പ് ചെയ്ത് ഉറപ്പിക്കുന്നതിലും ദുഷ്കരമാണ് കുഴൽ കിണറിലേക്ക് പൈപ്പ് ജോയിന്റ് ചെയ്ത് ഇറക്കുന്നത്.
3. മോട്ടോർ ഇറക്കുമ്പോഴും ടെസ്റ്റ് റൺ നടത്തുമ്പോഴും മുൻകൂട്ടി കാണാൻ കഴിയാത്ത കാരണത്താൽ പൈപ്പുകളും മോട്ടോറും വീണ്ടും പുറത്തെടുത്ത് റീ ഫിറ്റ് ചെയ്യേണ്ടി വരും.

എന്നാൽ ചുവടെ കാണിച്ച കാരണങ്ങളാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല.

1. ഈ പ്രവൃത്തിയിൽ പൈപ്പ് എവിടെയും ക്ലാമ്പ് ചെയ്ത് പിടിപ്പിക്കേണ്ടതില്ല. മാത്രമല്ല ഈ പ്രവൃത്തിയിൽ 5 മീറ്റർ നീളമുള്ള ഒരു ലെങ്ത് പൈപ്പ് ഫിറ്റ് ചെയ്യാൻ 980 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട് (ഒരു മീറ്ററിന് 196 രൂപ ). ആകെ 125 മീറ്ററിന് 24500 രൂപ ഫിറ്റിങ് ചാർജിനത്തിൽ തന്നെ നൽകിയിരിക്കുന്നു. ഇത്രയും ദുഷ്കരമായ പ്രവൃത്തിയാണ് ഇത് എന്നത്

അംഗീകരിക്കാവുന്നതല്ല.

ടഞ്ച് കീറി സ്ഥാപിക്കുമ്പോൾ 5 മീറ്റർ നീളമുള്ള ഒരു ലെങ്ത് പൈപ്പ് ഫിറ്റ് ചെയ്യാൻ 158.90 രൂപയാണ് (ഒരു മീറ്ററിന് 31.78 രൂപ) ഫിറ്റിങ് ചാർജ് ആയി ഡാറ്റ പ്രകാരമുള്ള നിരക്കിൽ ഉൾപെടുത്തി നൽകുന്നത്.

2. ക്രമ നമ്പർ ഒന്ന് ആയി പരാമർശിച്ച പ്രവൃത്തിയിൽ കുഴൽ കിണറിൽ നിന്ന് മോട്ടോർ ഉയർത്തി എടുത്ത് തിരികെ വെക്കുന്നതിന് 7612 രൂപയും പ്രത്യേകമായി നൽകിയിട്ടുണ്ട്.

ആയതിനാൽ നിർവ്വണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല. അധിക തുക ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 12.06.2019 | കെഎസ്എ.എം.പി.എം.13/1501/2019 തിയതി 26.08.2019 |

## 4-2 സംയുക്ത പദ്ധതികൾക്ക് ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം നം | മുന്നിരുപ്പ് | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 650000 | 2018-19 | 0 | മനയ്ക്കപ്പടി അംഗൻവാടി നിർമ്മാണം | 650000 | 0 |
| | | 2018-19 | 2386520 | ലൈഫ് ഭവന പദ്ധതി ജനറൽ (29/19) | 1800000 | 586520 |
| | | 2018-19 | 842000 | ലൈഫ് ഭവന പദ്ധതി എസ്.സി (30/19) | 725750 | 116250 |
| | | 2018-19 | 145370 | എന്റെ ഗ്രാമം നെൽകൃഷി ഗ്രാമം (126/19) | 145370 | 0 |
| | | 2018-19 | 400000 | പാലിയേറ്റീവ് പരിചരണം (56/19) | 350000 | 50000 |
| ജില്ലാ പഞ്ചായത്ത് | | 2018-19 | 813130 | ലൈഫ് ഭവന പദ്ധതി ജനറൽ (29/19) | 813130 | 0 |
| | 40000 | 2018-19 | 210000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് | 250000 | 0 |

| | | | | സ്കോളർഷിപ്പ് (25/19) | | |
|---|---|---|---|---|---|---|

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | IRS ക്വാറി കുടിവെള്ള പദ്ധതി(പ്രൊജക്ട് നം.245/19) | 21800623/27.12.18 | 39365 | 39365 | 0 |
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ(പ്രൊജക്ട് നം.51/17) | 21600960/20.1.19 | 438396 | 438396 | 0 |
| KSEB | സ്ട്രീറ്റ് മെയിൻ (പ്രൊജക്ട് നം.95/19)) | ബിൽ നം. 15/12.11.19 | 279660 | 279660 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 7649022രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന | ലഭ്യമല്ല. | 7649022 | 0 | 0 | 0 | 7649022 |

| പദ്ധതി | | | | | | |
|---|---|---|---|---|---|---|

•

# 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | - |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | - |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | - |

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 6563രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14 | 2(2) | 5000 | മാനേജർ മാവേലി സ്റ്റോർ | 118130104785/22.1.2019 |
| 2015-16 | 2(1) | 1563 | അലി പുതുവള്ളി | 118130101004/13.6.2018 |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1997-98<br>36,37 | 2003-04<br>30 | കോഴി വളർത്തൽ, കോഴിക്കുട്ട് വിതരണം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| | | | |

| | | | |
|---|---|---|---|
| 1998-99<br>44,46 | 2003-04<br>30 | എസ്റ്റിമേറ്റ് തയ്യാറാക്കൽ, അധിക തുക നൽകിയത് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| | | | |
| 1999-00<br>39,49,50 | 2003-04<br>30 | ജലസേചനം- കൺവീനർക്ക് അധിക തുക നൽകിയത് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2000-01<br>28 | 2003-04<br>30 | കുഴൽക്കിണർ- ഉപയോഗിക്കാത്ത സാധനം തിരിച്ച് നൽകിയില്ല | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2001-02<br>3(2),3(3),3(7) | 2004-05<br>3(7) | പദ്ധതികൾ ലക്ഷ്യം നേടിയില്ല | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2006-07<br>3(4) | 2009-10<br>3(4) | വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ- പൂർത്തീകരണ വിവരമില്ല | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2014-15 | 2016-17<br>2(1),2(2) | വസ്തു നികുതി,തൊഴിൽ നികുതി എന്നിവ സംബന്ധിച്ച് | |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

a) ചാർജ് നടപടികളുടെ വിവരം

ഇല്ല

b)സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1997-98 | 36 | ഡോ. കെ.ജി.രാജു, വെറ്റി. സർജൻ | Lf 2717 /sp cell/ sc5/04/dtd 5-9-05 | 67,500 | 0 | 0 | 0 | 0 | 0 | 67,500 | OP 19/15 (IA 96/15) |
| | | | | | | | | | | | | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 2 | 1998-99 | 42 | ഐ.വി. രാജഗോപാലൻ, അസി. എഞ്ചിനിയർ | Lf 2731 /sp cell/ sc5/04/dtd 26-2-05 | 55,723 | | | 55,723 | | | 55,723 | OP 91/05, Dist Court , Manjeri |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 93530708 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 7231322 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1170162 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 52317 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1282034 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 1170162 | | പി.വിനോദ്കുമാർ,സെക്രട്ടറി |
| 3-1 | | 23463 | സമിത .വി അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 28854 | സമിത .വി അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 135374 | ശ്രീ ലേഖ.പി,കൃഷി ഓഫീസർ |
| 1-25 | 349434 | ഡോ.അലി.എം.മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി |
| 1-26 | 17500 | ഉഷ.എം ,ഹെഡ്മാസ്റ്റർ |
| 1-30 | 75000 | ഷബീർ .എം.പി.വി.ഇ.ഒ |
| 1-31 | 526526 | വിനോദ് കുമാർ.പി,സെക്രട്ടറി |
| 1-32 | 178200 | ഉഷ.എം.ഹെഡ്മാസ്റ്റർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-27 | 6945 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ | |
|---|---|

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി.വിനോദ്കുമാർ,സെക്രട്ടറി | വിരമിച്ചു | പൂമംഗലം പരിയാപുരം ളുത പി.ഒ ആനമങ്ങാട് മലപ്പുറം |
| സമിത .വി അസിസ്റ്റന്റ് എഞ്ചിനീയർ | എ.ഇ ഓഫീസ് എടയൂർ | സുർജിത്ത് വിഹാർ വലിയകുന്ന്.പി.ഒ മലപ്പുറം-676552 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | LFM11/1155/01 dt. 01.12.2010 | 2 |
| 1998-99 | LFM11/1422/01 dt.01.12.2000 | 12 |
| 1999- | LFM11/1421/01 dt. 01.12.2000 | 11 |

| | | |
|---|---|---|
| 00 | | |
| 2000-01 | LFM11/435/03 dt. 01.12.2010 | 02 |
| 2001-02 | LFM12/1269/04 dt. 01.12.2010 | 14 |
| 2002-03 | LFM12/1865/04 dt. 01.12.2010 | 11 |
| 2003-04 | LFM13/177/493/10 dt. 21.01.2012 | 19 |
| 2004-05 | LFM11/177/494/10 dt. 22.05.2012 | 16 |
| 2005-06 | LFM09/1153/09 dt. 22.05.2012 | 07 |
| 2006-07 | LFM09/932/09 dt. 17.02.2010 | 04 |
| 2007-08 | LFM09/1154/09 dt. 19.02.2010 | 10 |
| 2008-09 to 10-11 | LFM13/1933/12 dt. 23.08.2012 | 13 |
| 20011-12to12-13 | KSA/MPM/13/3095/ dt. 1.2.16 | - |
| 2013-14 to14-15 | KSA/MPM/13/2098/ dt. 8.8.16 | 25 |
| 2015-16 | KSA/MPM/ | 22 |
| 2016-17 | KSA/MPM/M13/2001/17/ 24-10-2017 | 32 |
| 2017-18 | KSA/MPM/13/2438/2018/ 12/11/18 | 23 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ),

മലപ്പുറം.

# <u>അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം</u>

നം.കെ.എസ്.എ.എം.പി.എം.13/1501/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പിൻ-676 505, ഫോൺ-0483 2734951

ഇ-മെയിൽ dompm.ksad@kerala.gov.i

തീയ്യതി:26.08.2019

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4ാം വകുപ്പും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215ാം വകുപ്പും ബന്ധപ്പട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്രേട്ടാളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ എടയൂർ ഗ്രാമ പഞ്ചായത്തിന്റെ 31.03.2019ൽ അവസാനിച്ച വർഷത്തെ ധനകാര്യസ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എടയൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

മലപ്പുറം.